# 60-ാം വാർഷിക റിപ്പോർട്ട്

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ**

(കൊല്ലവർഷം 1190 മീനം 18 മുതൽ 1191 മീനം 18 വരെ)

ഇന്ത്യൻ ഭരണ ഘടനയുടെ 323 (2)-ാം ആർട്ടിക്കിൾ പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആദരണീയനായ കേരളാ ഗവർണർ മുമ്പാകെ സമർപ്പിക്കുന്ന 60-ാം വാർഷിക റിപ്പോർട്ട്.

**2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ**
**(കൊല്ലവർഷം 1190 മീനം 18 മുതൽ 1191 മീനം 18 വരെ)**

# ഉള്ളടക്കം


| ക്രമ നമ്പർ | അദ്ധ്യായങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1 | കമ്മീഷന്റെ ഭരണഘടനാപരമായ സ്ഥാനം | 4 |
| 2 | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഘടന | 4-5 |
| 3 | കമ്മീഷന്റെ കർത്തവ്യങ്ങൾ | 6 |
| 4 | ജീവനക്കാരും കാര്യാലയസ്ഥാനങ്ങളും | 7-8 |
| 5 | ഗവേഷണ - വിശകലന വിഭാഗം, പൊതുജന സമ്പർക്ക വിഭാഗം, വിവരാവകാശ വിഭാഗം, ഗ്രന്ഥശാല | 8-17 |
| 6 | വരവ് ചെലവുകൾ, കത്തിടപാടുകൾ, ആന്തരിക കണക്ക് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തന രീതി | 17-19 |
| 7 | പരീക്ഷകൾ | 19-20 |
| 8 | നിയമനം (ജനറൽ) | 20-30 |
| 9 | നിയമനം-കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ/ തദ്ദേശ സ്ഥാപനങ്ങൾ | 31 |
| 10 | നിയമനം- സഹകരണ വിഭാഗം | 31 |
| 11 | പ്രത്യേക നിയമനം | 32-34 |
| 12 | സംവരണവിഹിത ശതമാനം | 34-35 |
| 13 | മേഖലാ ആഫീസുകൾ | 35-36 |
| 14 | ജില്ലാ ആഫീസുകൾ | 36-40 |
| 15 | നിയമനം- പൊതുവിവരങ്ങൾ | 40 |
| 16 | വകുപ്പുതല പരീക്ഷകൾ | 41 |
| 17 | വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി | 42 |
| 18 | സംസ്ഥാന, സബോർഡിനേറ്റ് സർവീസ് സംബന്ധമായ ചട്ടങ്ങൾ | 42-56 |
| 19 | സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ/ കോർപറേഷനുകൾ സംബന്ധമായും കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി സംബന്ധമായും ഉള്ള അധിക ചുമതലകൾ | 56-57 |
| 20 | തദ്ദേശസ്ഥാപനങ്ങൾ സംബന്ധമായ അധിക ചുമതലകൾ | 57-58 |
| 21 | സഹകരണവിഭാഗം സംബന്ധമായ അധിക ചുമതലകൾ | 58-59 |
| 22 | അച്ചടക്ക നടപടികൾ | 59-60 |
| 23 | കമ്മീഷൻ കക്ഷിയായ വ്യവഹാരങ്ങൾ | 60 |
| 24 | വനിതാ വിഭാഗം ജീവനക്കാരുടെ പരാതിപരിഹാരകമ്മിറ്റി | 60-61 |
| 25 | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശകളിൽ നിന്നുള്ള വ്യതിയാനം | 61-64 |
| 26 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പ്രവർത്തനങ്ങളുടെ താരതമ്യസംഗ്രഹം | 64-66 |
| 27 | സന്ദർശനങ്ങൾ | 67 |
| 28 | നേട്ടങ്ങൾ | 67 |
| 29 | നന്ദി | 67-68 |

## അദ്ധ്യായം- 1
## കമ്മീഷന്റെ ഭരണഘടനാപരമായ സ്ഥാനം

ഇന്ത്യൻ ഭരണ ഘടനയുടെ 315 മുതൽ 323 വരെയുള്ള ആർട്ടിക്കിളുകളുടെ അടിസ്ഥാനത്തിലാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്ഥാപിതമായിട്ടുള്ളത്. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനെയും സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകളെയും സംബന്ധിക്കുന്ന വ്യവസ്ഥകൾ ഭരണഘടനയുടെ XIV-ാം ഭാഗത്തിന്റെ II-ാം അദ്ധ്യായത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

സേവനസംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും, സംശുദ്ധവും നിഷ്പക്ഷവുമായ രീതിയിൽ സ്വതന്ത്രമായി, ബാഹ്യ ഇടപെടലുകളില്ലാതെ നിയമന ന ടപടികൾ നിർവഹിക്കുന്നതിനും ഇന്ത്യൻ ഭരണ ഘടന കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു. കമ്മീഷന്റെ ചെയർമാനെയും മെമ്പർമാരെയും നിയമിക്കുന്നത് അതതു സംസ്ഥാന ഗവർണർമാരാണ്. കമ്മീഷൻ മെമ്പർമാരുടെ പകുതി എണ്ണം അവരുടെ നിയമന തീയതിയിൽ 10 വർഷത്തെ സർക്കാർ സേവനം പൂർത്തിയാക്കിയവരാകണം. ചെയർമാനും മെമ്പർമാർക്കും 6 വർഷത്തെ കാലാവധി/അല്ലെങ്കിൽ 62 വയസ്സ് പൂർത്തിയാകുന്നതുവരെ (ഏതാണോ ആദ്യം) സേവനത്തിൽ തുടരാവുന്നതാണ്. കാലാവധി പൂർത്തിയായ ശേഷം ചെയർമാനോ മെമ്പർമാർക്കോ സംസ്ഥാന/കേന്ദ്ര സർക്കാരിന് കീഴിൽ പുനർ നിയമനത്തിനർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ കമ്മീഷന്റെ ഒരു മെമ്പർക്ക് മറ്റൊരു പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനായോ, മെമ്പറായോ സേവനം നടത്താം. പബ്ലിക് സർവീസ് കമ്മീഷന്റെ ചെയർമാനെയോ മെമ്പറെയോ ഭരണഘടനാ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ രാഷ്ട്രപതിയ്ക്ക് മാത്രമേ സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ കഴിയൂ. ഒരിയ്ക്കൽ നിയമിക്കപ്പെട്ട ചെയർമാന്റെയോ മെമ്പർമാരുടെയോ സേവനവ്യവസ്ഥകളിൽ മാറ്റം വരുത്താൻ സാധ്യമല്ല. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെലവിനത്തിൽ വരുന്ന തുക വകയിരുത്തുന്നത് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നാണ്.

## അദ്ധ്യായം- 2
## കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഘടന

ഇന്ത്യൻ ഭരണഘടനയുടെ 318-ാം ആർട്ടിക്കിളിന്റെയും കാലാകാലങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികളുടെയും അ ടിസ്ഥാനത്തിൽ 1957 ൽ ബഹു: ഗവർണർ പുറപ്പെടുവിച്ചിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ റെഗുലേഷൻസിലെ (ബഹു:മെമ്പർമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകളും ഘടനയും) 3-ാം റെഗുലേഷൻ പ്രകാരം ഒരു ചെയർമാനും 20 അംഗങ്ങളും ഉൾപ്പെടുന്നതാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

റിപ്പോർട്ട് കാലഘട്ടത്തിലെ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും പേരു വിവരങ്ങൾ ചുവടെ.

<u>റിപ്പോർട്ട് കാലയളവിലെ കമ്മീഷൻ</u>

<u>ചെയർമാൻ</u>

**ഡോ. കെ. എസ് . രാധാകൃഷ്ണൻ**

<u>അംഗങ്ങൾ</u>

1 പ്രൊഫ. (ഡോ) എൻ. സെൽവരാജ്

2 ഡോ. പി. മോഹൻദാസ്

3 ശ്രീ. കെ. പ്രേമരാജൻ

4 ശ്രീ. അശോകൻ ആർ. ചരുവിൽ

5 അഡ്വ. എം. കെ. സക്കീർ

6 ഡോ. കെ. ഉഷ

7 അഡ്വ. വി. റ്റി. തോമസ്

8 ഡോ. എം.കെ.ജീവൻ

9 ശ്രീ. പി. ശിവദാസൻ

10 ശ്രീ. റ്റി. റ്റി. ഇസ്മയിൽ

11 ശ്രീമതി. സിമി റോസ് ബെൽ ജോൺ

12 അഡ്വ. ഇ. രവീന്ദ്രനാഥൻ

13 അഡ്വ. എസ്. ഷൈൻ

14 പ്രൊഫ. ലോപ്പസ് മാത്യു

15 ശ്രീമതി.ആർ.പാർവ്വതി ദേവി

16 ഡോ. പി.സുരേഷ് കുമാർ

സെക്രട്ടറി

ശ്രീ. സാജു ജോർജ്ജ്

## അദ്ധ്യായം- 3
## കമ്മീഷന്റെ കർത്തവ്യങ്ങൾ

ഇന്ത്യൻ ഭരണ ഘടനയുടെ 320-ാം ആർട്ടിക്കിളിൽ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകളുടെ കർത്തവ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അവ താഴെ പറയും പ്രകാരമാണ്.

(i) സംസ്ഥാനസർവ്വീസിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനായി പരീക്ഷകൾ നടത്തുക

(ii) താഴെ പറയുന്ന വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുക

| | |
|---|---|
| a) | സംസ്ഥാന സർവ്വീസിലെ വിവിധ തസ്തികകളുടെ നിയമനപ്രക്രിയകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ |
| b) | സർക്കാർ സർവ്വീസിലേക്കുള്ള നിയമനം, സ്ഥാനക്കയറ്റം, സ്ഥലം മാറ്റം എന്നിവയിൽ പാലിക്കേണ്ട തത്വങ്ങൾ, യോഗ്യതാ നിർണ്ണയം എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ |
| c) | സർക്കാർ ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ അച്ചടക്ക നടപടികളിൽ |
| d) | കൃത്യ - നിർവഹണ സംബന്ധമായി സർക്കാർ ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന നിയമ നടപടികളുമായി ബന്ധപ്പെട്ട് ജീവനക്കാരനു ണ്ടാകുന്ന നിയമപരമായ സാമ്പത്തിക ബാധ്യതയുടെ ചെലവ് വക വച്ച് കൊടുക്കൽ/മടക്കി കൊടുക്കൽ സംബന്ധമായ കാര്യങ്ങളിൽ |
| e) | സർക്കാർ ജീവനക്കാരുടെ അവശതാ അടുത്തൂണുമായി ബന്ധപ്പെട്ട അവകാശവാദങ്ങളിൽ |
| f) | സർക്കാർ കമ്മീഷന്റെ അഭിപ്രായം ആരായുന്ന/പരിഗണനക്കായി സമർപ്പിക്കുന്ന മറ്റ് കാര്യങ്ങളിൽ |

ഇന്ത്യൻ ഭരണഘടനയുടെ 321-ാം ആർട്ടിക്കിളിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നിയമനിർമ്മാണസഭ പബ്ലിക് സർവീസ് കമ്മീഷനെ ചുമതലയേൽപ്പിച്ചിട്ടുള്ളതും, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ, കോർപ്പറേഷനുകൾ/ ബോർഡുകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയിലെ സേവന വേതന വ്യവസ്ഥകൾ സംബന്ധമായതുമായ അധിക ചുമതലകളും കമ്മീഷൻ നിർവ്വഹിച്ചുവരുന്നു. കൂടാതെ, ചില സഹകരണ സ്ഥാപനങ്ങളെ കൂടി കമ്മിഷന്റെ പ്രവർത്തനപരിധിയിൽ പിന്നീട് ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ 320 (3) ആർട്ടിക്കിളിന്റെ അടിസ്ഥാനത്തിൽ പാസാക്കിയിട്ടുള്ള 1957-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റെഗുലേഷൻസിൽ (കൺസൾട്ടേഷൻ), കമ്മീഷന്റെ പരിഗണന/വിദഗ്ദ്ധാഭിപ്രായം ആവശ്യമില്ലാത്ത വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം - 4

## ജീവനക്കാരും, കാര്യാലയസ്ഥാനങ്ങളും

### കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ജീവനക്കാർ

റിപ്പോർട്ട് കാലയളവിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ആകെ ജീവനക്കാർ 1,644 ആണ്. പോ ലീസ് വകുപ്പിൽ നിന്നും 8 ജീവനക്കാ ർ അന്യത്ര സേവനവ്യവസ്ഥയിലും, കേരള പബ്ളിക് സർവ്വീസ് കമ്മീഷനിൽ നിന്നും സർക്കാരിലേയ്ക്ക് ആവർത്തിച്ചുള്ള അഭ്യർത്ഥനയിന്മേൽ കോമൺ പൂൾ ഒന്നാം ഗ്രേഡ് ലൈബ്രേറിയന്മാരിൽ നിന്നും ആരും ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ 26.11.2012 ലെ ബഹു: കമ്മീഷന്റെ 28-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 02.09.2013 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ Estt.II(2)2129/2008/GW നമ്പർ ഉത്തരവു പ്രകാരം കരാർ വ്യവസ്ഥയിൽ ശ്രീ. ആർ.ശ്യാംകൃഷ്ണനെ ഒന്നാം ഗ്രേഡ് ലൈബ്രേറിയനായി നിയമിച്ചു. 1957 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റെഗുലേഷൻ ആക്ടിലെ 12-ാം പ്രത്യേക വകുപ്പിലെ 2-ാം ഉപവകുപ്പനുസരിച്ച് 01.04.2015 മുതലും, 01.10.2015 മുതലും 6 മാസ ദൈർഘ്യമുള്ള 25 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സൃഷ്ടിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിലെ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ നൽകിയിട്ടുണ്ട്.

### താത്കാലിക ജീവനക്കാർ

1957 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റെഗുലേഷൻ ആക്ട് (Composition and Conditions of Service of Members and Staff)-ലെ 12 (2) റെഗുലേഷൻ പ്രകാരം 30.03.2015 ലെ എസ്റ്റാ II (2) 32900/08/ഗ.വി ഉത്തരവ് പ്രകാരം 01.04.2015 മുതൽ 6 മാസത്തേക്ക് 13 തസ്തികകളും 16.09.2015 ലെ എസ്റ്റാ II (3) 32900/08/ഗ.വി. ഉത്തരവ് പ്രകാരം 01.10.2015 മുതൽ 6 മാസത്തേക്ക് 12 തസ്തികകളും, കമ്മീഷൻ താത്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

### വിജിലൻസ്വിഭാഗം

18.09.2015 അപരാഹ്നത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ വിജിലൻസ് & സെക്യൂരിറ്റി ഓഫീസറായിരുന്ന ശ്രീ. സാബു. പി. എസ്., സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്.) സർവീസിൽ നിന്ന് വിട്ടതൽ ചെയ്തു. ഇപ്പോൾ ഈ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ 90 കേസുകൾ 'ടി' വിഭാഗത്തിൽ തീർപ്പാക്കാനുണ്ടായിരുന്നു. 21 ഫയലുകൾ ലഭിക്കുകയും 20 റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 91 കേസുകൾ നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

### ലീഗൽ റീട്ടെയ്നർ

കേരള ഹൈക്കോടതിയിലെ അഭിഭാഷകൻ ശ്രീ. പി.സി. ശശിധരൻ 01.03.2011 മുതൽ കേരള പബ്ളിക് സർവീസ് കമ്മീഷൻ ലീഗൽ റീട്ടെയ്നറായി സേവനമനുഷ്ഠിച്ചു വരുന്നു. അദ്ദേഹത്തെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വേണ്ടി ബഹു.ഹൈക്കോടതിയിൽ ഹാജരാകുന്നതിനും കൂടാതെ ശ്രീ.സി.എ.മജീദ് (അഡ്വ.) നെ ലീഗൽ റീട്ടെയ്നർ ആയി 01.04.2014

മുതൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.സി.എ.മജീദ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വേണ്ടി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഹാജരാകുന്നതിനും നിയോഗിച്ചിരിക്കുന്നു.

## കാര്യാലയ സ്ഥാനങ്ങൾ

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് എല്ലാ ജില്ലകളിലും ജില്ലാ ആഫീസുകളും, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവടങ്ങളിൽ മേഖലാ ആഫീസുകളുമുണ്ട്. കമ്മീഷന്റെ കേന്ദ്ര ആഫീസ്, തിരുവനന്തപുരം ജില്ലാ ആഫീസ് എന്നിവ തിരുവനന്തപുരം, പട്ടം തുളസിക്കുന്നിലാണ് സ്ഥിതി ചെയ്യുന്നത്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലാ ആഫീസുകൾ സംസ്ഥാന സർക്കാരിന്റെ സിവിൽ സ്റ്റേഷൻ സമുച്ചയത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ കോഴിക്കോട് മേഖലാ ആഫീസും സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നു. ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, വയനാട് കാസർഗോ ഡ് ജില്ലാ ആഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കോട്ടയം ജില്ലാ ആഫീസ് കമ്മീഷന്റെ സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്നു. എറണാകുളം, ജില്ലാ മേഖലാ ആഫീസുകൾ 21.01.2013 മുതൽ എറണാകുളം ജി.സി.ഡി.എ. കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ഇടുക്കി ജില്ലാ ആഫീസ് പ്രവർത്തിക്കുന്നത് കട്ടപ്പനയിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുവക കെട്ടിടത്തിലാണ്. കൊല്ലം ജില്ലാ മേഖലാ ആഫീസുകൾ, കൊല്ലം കോർപ്പറേഷന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ബഹു: ചെയർമാന്റെ തിരുവനന്തപുരത്തെ ഔദ്യോഗിക വസതിയും വാടകകെട്ടിടമാണ്.

### അതിഥി മന്ദിരം

പട്ടം, വൃന്ദാവൻ ഗാർഡൻസിൽ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം, വാടകയടിസ്ഥാനത്തിൽ കമ്മീഷന്റെ അതിഥി മന്ദിരമായി പ്രവർത്തിക്കുന്നു. വിശിഷ്ടാതിഥികൾക്കും, കമ്മീഷൻ നടത്തുന്ന അഭിമുഖം, പ്രായോഗിക പരീക്ഷ, മൂല്യനിർണ്ണയം എന്നിവയിൽ കമ്മീഷനെ സഹായിക്കാൻ മറ്റ് ജില്ലകളിൽ നി ന്നും എത്തുന്ന വിദഗ്ദ്ധർക്കും താമസ സൗകര്യമൊരുക്കുന്നതിനാണ് അതിഥി മന്ദിരം സജ്ജമാക്കിയിട്ടുള്ളത്.

# അദ്ധ്യായം - 5

# ഗവേഷണ-വിശകലന വിഭാഗം, ഓൺ ലൈൻ പരീക്ഷാ കേന്ദ്രങ്ങൾ, കാൾ സെന്റർ, കമ്പ്യൂട്ടർ വൽകൃത ഹാജർ സംവിധാനം, നിയമന ആഡിറ്റ് പരിശോധനാ വിഭാഗം, വെബ് സൈറ്റ്, അന്വേഷണ വിഭാഗം, പൊതുജന സമ്പർക്ക വിഭാഗം, വിവരാവകാശ വിഭാഗം, ഗ്രന്ഥശാല

## ഗവേഷണവിശകലനവിഭാഗം

നിയമനനടപടികളിലെ വിവിധഘട്ടങ്ങളിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി സമഗ്രമായ പഠനം, ആവശ്യമായ പരിശീലന പദ്ധതികൾ നടത്തുക, സംയോജിത, ആസൂത്രണ, അനുശ്രവണ പദ്ധതികളിലൂടെ തെരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക എന്നിവയാണ് ഗവേഷണ-വിശകലന വിഭാഗത്തിന്റെ പ്രധാന ധർമ്മങ്ങൾ.

വിവിധ റിക്രൂട്ട്മെന്റ് സെക്ഷനുകളിൽ നിന്നും ലഭിക്കുന്ന വിജ്ഞാപനങ്ങൾ ഏകീകരിക്കുകയും, ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് ഈ വിഭാഗത്തിലാണ്. മറ്റ് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകൾ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുമായുള്ള കത്തിടപാടുകൾ നടത്തുന്നതും ഈ സെക്ഷനിൽ നിന്നാണ്. കമ്മീഷൻ യോഗങ്ങളിലേക്കുള്ള അജണ്ട തയ്യാറാക്കുന്നതും ഈ സെക്ഷനിലാണ്.

നിയമസഭാ ചോദ്യവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമാഹരിച്ച് സർക്കാരിന് കൈമാറുന്നതിനുള്ള നടപടികളും ഗവേഷണ-വിശകലനവിഭാഗം കൈകാര്യം ചെയ്യുന്നു. റിപ്പോർട്ട് കാലയളവിൽ സർക്കാരിൽ നിന്നും ലഭിച്ച **241** നിയമസഭാ ചോദ്യങ്ങളിൽ 241 എണ്ണത്തിനും ഇവിടെ നിന്നും മറുപടി തയ്യാറാക്കി നൽകിയിരുന്നു. കമ്മീഷന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കൽ, തെരഞ്ഞെടുപ്പ് നടപടികളുടെ വിവിധ ഘട്ടങ്ങളിലെ സ്ഥിതിവിവരക്കണക്ക് സംബന്ധമായ അടിസ്ഥാനവിവരങ്ങൾ സമാഹരിച്ചു തയ്യാറാക്കൽ തുടങ്ങിയ നടപടികളും ഗവേഷണ വിശകലന വിഭാഗം നടത്തുന്നു.

തെരഞ്ഞെടുപ്പ് പ്രക്രിയ വേഗത്തിലും, കൃത്യതയോടെയും സുതാര്യമായും നടത്തുന്നതിന് വിവര സാങ്കേതികവിദ്യ പരമാവധി പ്രയോജന പ്പെടുത്തുക എന്ന കമ്മീഷൻ നയത്തിന്റെ ഭാഗമായി മാറ്റം വരുത്തിയ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ കൂടി ഉൾപ്പെടുത്തി പി.എസ്.സി മാന്വൽ പരിഷ്കരിക്കുന്ന തിന്റെ നടപടികളും ഈ വിഭാഗത്തിൽ ചെയ്തുവരുന്നു.

കമ്മീഷൻ ഓഫീസിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനായി രൂപവത്കരിച്ചിട്ടുള്ള സാങ്കേതിക കമ്മിറ്റി 2015-16 വർഷത്തിൽ അഞ്ച് പ്രാവശ്യം (25.04.2015, 08.07.2015, 09.10.2015, 30.12.2015, 12.01.2016) സമ്മേളിച്ചു. 2015-16 സാമ്പത്തിക വർഷത്തിൽ പ്ലാൻഫണ്ട് വിഹിതമായി 3,50,00,000 (മൂന്ന് കോടി അൻപത് ലക്ഷം) രൂപ ലഭിക്കുകയുണ്ടായി. ടി തുക മുഴുവനായും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ പരിപാലനത്തിനുമായി 2015-16 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

## പരിശീലന പരിപാടികൾ

പബ്ലിക് സർവീസ് കമ്മീഷനിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 2014--2015 ൽ ആഫീസിനകത്തും പുറത്തുമായി നടത്തിയ വിവിധ പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.

| Sl. No. | Date | Details of Training | Venue | No. of days | Training conducted for |
|---|---|---|---|---|---|
| 1 | 05/05/15 to 07/05/15 | E-vacancy Software | ITTC, KPSC, Tvm | 3 | Officers' of Various Dept.(VMUs) |
| 2 | 20/05/15 | Thulasi – Modified Interface | Regional Office, Ekm | 1 | Section Officers & Assistants |
| 3 | 22/05/15 | Thulasi – Modified Interface | ITTC, KPSC, Tvm | 1 | Section Officers & Assistants |

| | | | | | |
|---|---|---|---|---|---|
| 4 | 13/06/15 | Thulasi – Modified Interface | ITTC, KPSC, Tvm | 1 | Under Secretaries, Section Officers & Assistants |
| 5 | 11/07/15 | Induction Training & E-learning | ITTC, KPSC, Tvm | 1 | Assistants(newly joined) |
| 6 | 21/07/15 to 24/07/15 | E-vacancy Software | ITTC, KPSC, Tvm | 4 | Officers' of Various Dept.(VMUs) |
| 7 | 13/11/15 | E-result pro Training | ITTC, KPSC, Tvm | 1 | Section Officers & Assistants(ERWing) |
| 8 | 14/11/15 | Thulasi – Modified Interface | ITTC, KPSC, Tvm | 1 | Section Officers & Assistants(ERWing) |
| 9 | 25/11/15 | E-vacancy Software | ITTC, KPSC, Tvm | 1 | Section Officers & Assistants |
| 10 | 12/12/15 | E-vacancy Software | ITTC, KPSC, Tvm | 1 | Section Officers & Assistants |
| 11 | 17/12/15 | E-result pro Training | Regional Office, Ekm | 1 | Section Officers & Assistants |
| 12 | 18/12/15 | Thulasi – Modified Interface | Regional Office, Ekm | 1 | Section Officers & Assistants |
| 13 | 29/12/15 | E-result pro Training | Regional Office, Ekm | 1 | Section Officers & Assistants |
| 14 | 30/12/15 | Thulasi – Modified Interface | Regional Office, Ekm | 1 | Section Officers & Assistants |
| 15 | 08/01/16 | Thulasi – Modified Interface | ITTC, KPSC, Tvm | 1 | Section Officers & Assistants |
| 16 | 09/01/16 | E-result pro Training | ITTC, KPSC, Tvm | 1 | Section Officers & Assistants |
| 17 | 19/01/16 | E-vacancy Software | ITTC, KPSC, Tvm | 1 | Officers' of Various Dept.(VMUs) |
| 18 | 12/02/16 to 14/02/16 | E-training with Public Relations | ITTC, KPSC, Tvm | 3 | Section Officers & Assistants |

11.12.2015 ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന കമ്പ്യൂട്ടർ അധിഷ്ഠിത തെരഞ്ഞെടുപ്പ് രീതി സംബന്ധിച്ച പരിശീലന പരിപാടിയിൽ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നും ആർ.&എ. വിഭാഗത്തിലെ അണ്ടർ സെക്രട്ടറി (ഹയർ ഗ്രേഡ്) ആയ ശ്രീ.എസ്.എസ്. സുരേഷ് ബാബു പങ്കെടുക്കുകയുണ്ടായി.

## റിപ്പോർട്ട് കാലയളവിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ ഗവേഷണ അവലോകന വിഭാഗം നിർവ്വഹിച്ച പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ

### 1. വകുപ്പുതല പരീക്ഷകൾക്കായുള്ള ഇ-പേയ്മെന്റ് സൗകര്യം.

വകുപ്പുതല പരീക്ഷ ഫീസ്, സർട്ടിഫിക്കറ്റ് ഫീസ് എന്നിവ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം വകുപ്പുതല പരീക്ഷാ വിഭാഗം രജിസ്ട്രേഷൻ സിസ്റ്റത്തിൽ (DTRS) ഉൾപ്പെടുത്തുകയുണ്ടായി. ഈ സംവിധാനം ഇപ്പോൾ പ്രവർത്തന സജ്ജമാണ്.

## 2. പി.എസ്.സി. ബുള്ളറ്റിൻ വരിസംഖ്യ ഓൺലൈൻ പേയ്മെന്റ്

പി.എസ്.സി. ബുള്ളറ്റിൻ വരി സംഖ്യ ഓൺലൈനായി ഒടുക്കുന്നതിനുള്ള സൗകര്യം ഒറ്റത്തവണ രജിസ്ട്രേഷൻ സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3. ചോദ്യ ബാങ്ക് മൊഡ്യൂൾ

ചോദ്യബാങ്ക് മൊഡ്യൂൾ പൂർത്തിയായിട്ടുണ്ട്. ഇത് ഓൺലൈൻ പരീക്ഷാ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്ന ജോലി പുരോഗമിക്കുന്നു.

## 4. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കുമാത്രമായി പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുന്ന സംവിധാനം.

ഡൈനാമിക് അലോക്കേഷൻ ഫെസിലിറ്റി - അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കുമാത്രമായി പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുന്ന സംവിധാനം ഉൾപ്പെടുത്തുക വഴി പരീക്ഷയ്ക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്കായി ചെലവഴിക്കപ്പെടുന്ന അധിക തുക ഒഴിവാക്കാൻ കഴിയുന്ന സംവിധാനം തയ്യാറാക്കിവരുന്നു.

## 5. ഇ-വേക്കൻസി (ഓൺലൈൻ വേക്കൻസി റിപ്പോർട്ടിംഗ് സിസ്റ്റം)

വിവിധ വകുപ്പുകൾക്കു വേണ്ടിയുള്ള ഒരു വേക്കൻസി റിപ്പോർട്ടിംഗ് സിസ്റ്റമാണ് ഇത്. ഈ ഓൺലൈൻ സൗകര്യമുപയോഗിച്ച് വിവിധ ഡിപ്പാർട്ട്മെന്റുകൾ പി.എസ്.സി യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നു. ടി സൗകര്യം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

## 6. സ്മൃതി സോഫ്റ്റ് വെയർ

വിരമിച്ചവരുൾപ്പെടെയുള്ള കമ്മീഷൻ അംഗങ്ങൾക്ക് സ്വന്തം പ്രൊഫൈലിലൂടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് സംബന്ധിച്ച തൽസ്ഥിതി അറിയുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് ഇത്.

## 7. തുളസി സോഫ്റ്റ് വെയർ പരിഷ്കരിച്ച രൂപം

ഒറ്റത്തവണ രജിസ്ട്രേഷൻ സോഫ്റ്റ് വെയറായ തുളസിയുടെ ഒരു പരിഷ്കരിച്ച പതിപ്പ് വികസിപ്പിക്കുകയും ടി പതിപ്പ് ഉപയോഗയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി സോഫ്റ്റ് വെയർ പി.എസ്.സി.യുടെ മാറി വരുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഇപ്പോഴും പരിഷ്കരണത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു.

## 8. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം.

ഉദ്യോഗാർത്ഥികളിൽ നിന്നുള്ള പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും രസീത് നൽകുന്നതിനും ഉപയോഗിക്കുന്ന സിസ്റ്റമാണിത്. വികസിപ്പിക്കലിനും പരീക്ഷണ ങ്ങൾക്കും ശേഷം ടി സൗകര്യം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

**9. ഇ-റിസൽട്ട് പ്രോ (ഇലക്ട്രോണിക് റിസൽട്ട് പ്രോസസിംഗ് സിസ്റ്റം)**

മൂല്യനിർണ്ണയ വിവരങ്ങൾ അപ് ലോഡ് ചെയ്ത് കട്ട് ഓഫ് മാർക്ക് നൽകി സാധ്യതാപട്ടിക, ചുരുക്കപ്പട്ടിക, റാങ്ക് പട്ടിക എന്നിവ തയ്യാറാക്കുന്നതിനുള്ള സംവിധാനമാണിത്. ടി സംവിധാനം നിലവിൽ പ്രവർത്തിച്ചുവരുന്നു.

**10. ഇ-അഡ്വൈസ് പ്രോ (ഇലക്ട്രോണിക് അഡ്വൈസ് പ്രോസസിംഗ് സിസ്റ്റം)**

റാങ്ക് ലിസ്റ്റ്, റൊട്ടേഷൻ വിവരങ്ങൾ എന്നിവ സ്വീകരിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്കും വകുപ്പുകൾക്കും നിയമന ശിപാർശാകത്ത് തയ്യാറാക്കി നൽകുന്ന സംവിധാനമാണിത്. ടി സോഫ്റ്റ് വെയറിന്റെ വികസനം പൂർത്തീകരിച്ചിട്ടുണ്ട്.

**ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ**

കേരള പബ്ലിക് സർവീസ് കമ്മീഷൻ ഇതിനോടകം തന്നെ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിലായി മൂന്ന് ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മലാബാർ പ്രദേശങ്ങളിലുള്ള ഉദ്യോഗാർത്ഥികൾക്കായി കമ്മീഷൻ കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ഏറ്റവും പുതിയതു നാലാമത്തേതുമായ 320 ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളുന്ന ഒരു പരീക്ഷാകേന്ദ്രം സജ്ജമാക്കിയിട്ടുണ്ട്. ഒരേചോദ്യ ഘടനയിലുള്ള ചോദ്യങ്ങൾ ഉപയോഗിച്ച് 640 ഉദ്യോഗാർത്ഥികൾക്ക് ഒരു ദിവസം തന്നെ പരീക്ഷ നടത്തുന്നതിന് ഈ കേന്ദ്രത്തിൽ സൗകര്യമുണ്ടായിരിക്കും. ടി പരീക്ഷാകേന്ദ്രത്തിന്റെ നിർമ്മാണം 2016 ഒക്ടോബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കോൾ സെന്റർ**

എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.15 മണി മുതൽ വൈകുന്നേരം 5.15 മണി വരെ കോൾ സെന്റർ പ്രവർത്തിക്കുന്നു. ആകെ 2,12,000 കോളുകൾ ഈ റിപ്പോർട്ടിംഗ് വർഷത്തിൽ കോൾ സെന്ററിൽ സ്വീകരിച്ചിട്ടുണ്ട്.

## <u>കമ്പ്യൂട്ടർവൽകൃത ഹാജർ സംവിധാനം</u>

കമ്പ്യൂട്ടർ വൽകൃത ഹാജർ സംവിധാനം മോണിട്ടർ ചെയ്യുന്നതിനായി റിസർച്ച് ആന്റ് അനാലിസിസ് വിഭാഗത്തിൽ അറ്റൻഡൻസ് മനേജ്മെന്റ് സെക്ഷൻ രൂപീകരിച്ചിട്ടുണ്ട്.


## <u>നിയമന ഓഡിറ്റ്, പരിശോധനാ വിഭാഗം</u>

14/12/10 ലെ GO(P) 41/2010 P&ARD നം. ഉത്തരവ് പ്രകാരം ഒരു നിയമന ഓഡിറ്റ്, പരിശോധനാ വിഭാഗം 1/9/2011 മുതൽ പ്രവർത്തിച്ചുവരുന്നു. റിപ്പോർട്ട് കാലയളവിൽ 4612 അപേക്ഷകൾ ലഭിക്കുകയും ആകെ 5241 അപേക്ഷകൾ പരിശോധിക്കുകയും

(കഴിഞ്ഞവർഷം ബാക്കിയുണ്ടായിരുന്ന അപേക്ഷകൾ ഉൾപ്പെടെ) ചെയ്തിട്ടുണ്ട്. 31.03.2016 ൽ 1028 അപേക്ഷകൾ അവശേഷിക്കുകയും ചെയ്യുന്നു.

## വെബ്സൈറ്റ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് www.keralapsc.gov.in എന്നാണ്. വിജ്ഞാപനങ്ങൾ, പരീക്ഷാപ്രോഗ്രാമുകൾ, അഭിമുഖ പട്ടിക, ചുരുക്കപ്പട്ടികകൾ, റാങ്ക്പട്ടികകൾ, പരീക്ഷാ മാർക്കുകൾ, നിയമനശിപാർശ, പി.എസ്.സി വിജ്ഞാപനപത്രത്തിന്റെ വെബ് എഡിഷൻ, മറ്റ് അറിയിപ്പുകൾ എന്നിവയും വെബ്സൈറ്റ് വഴി ലഭ്യമാക്കുന്നു. കമ്മീഷനെ സംബന്ധിക്കുന്ന നിയമങ്ങൾ, നടപടിക്രമങ്ങൾ എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്.




## കമ്മീഷന്റെ വെബ്സൈറ്റിന്റെ സ്ഥിതിവിവര കണക്ക്

| മാസം | ആകെ ഹിറ്റുകൾ | പേജ് ഹിറ്റ് | കൈമാറ്റം ചെയ്ത ഡാറ്റ MB | ക്ലയന്റ്സ് |
|---|---|---|---|---|
| ഏപ്രിൽ 2015 | 2329571 | 309909 | 2007799 | 2329571 |
| മേയ് 2015 | 2939360 | 388700 | 2217745 | 2939360 |
| ജൂൺ 2015 | 2747925 | 371070 | 2230869 | 2747925 |
| ജൂലൈ 2015 | 2751231 | 413392 | 2366945 | 2751231 |
| ആഗസ്ത് 2015 | 1925196 | 293165 | 1538867 | 1925196 |
| സെപ്തംബർ 2015 | 2660718 | 353249 | 1959476 | 2660718 |
| ഒക്ടോബർ 2015 | 1960638 | 306580 | 1618589 | 1960638 |

| | | | | |
|---|---|---|---|---|
| നവംബർ 2015 | 1875345 | 287156 | 1460247 | 1875345 |
| ഡിസംബർ 2015 | 1926691 | 311765 | 1551425 | 1926691 |
| ജനുവരി 2016 | 2129041 | 342288 | 4925006 | 2129041 |
| ഫെബ്രുവരി 2016 | 2414694 | 406608 | 1317859 | 2414694 |
| മാർച്ച് 2016 | 2452915 | 372487 | 1188158 | 2452915 |

## പൊതുജനസമ്പർക്ക വിഭാഗം - പ്രവർത്തനങ്ങൾ

പൊതുജനങ്ങളെയും കേരള പബ്ലിക് സർവീസ് കമ്മീഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കാര്യക്ഷമമായ വിഭാഗമായി പൊതുജനസമ്പർക്കവിഭാഗം പ്രവർത്തിച്ചുവരുന്നു. പൊതുജന സമ്പർക്കവിഭാഗത്തിന്റെ അഭംഗുരമായ സേവനങ്ങൾ കമ്മീഷനും, വിവിധ മാധ്യമങ്ങളായ പത്രമാധ്യമങ്ങൾ, ആൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ, ടി.വി ചാനലുകൾ, പ്രാദേശിക നെറ്റ് വർക്കുകൾ, മറ്റ് നെറ്റവർക്കുകൾ എന്നിവയും തമ്മിൽ ഉറ്റസൗഹൃദവും പരസ്പരബന്ധവും നിലനിർത്താൻ സഹായിക്കുന്നു.

## പ്രവർത്തനരീതി

പൊതുജനങ്ങളുടെ അറിവിലേക്കുള്ള വിവരങ്ങൾ പത്രകുറിപ്പുകളിലൂടെയും, പ്രസ്താവനകളിലൂടെയും നിരന്തരം ജനങ്ങളിലെത്തിക്കുന്നു. കമ്മീഷൻ നടത്തുന്ന പരീക്ഷ കളുടെയും, അഭിമുഖങ്ങളുടെയും സമയവിവര പട്ടികകൾ ഏറെ പ്രചാരണത്തോടുകൂടി പത്ര ങ്ങളിലൂടെയും, ആൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ, പി.എസ്.സി ബുള്ളറ്റിൻ, മറ്റ് ടെലിവിഷൻ ചാനലുകൾ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് എന്നിവ വഴി ജനങ്ങളിലെത്തിക്കുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിലപിടിപ്പുള്ള സഹായ സഹകരണങ്ങൾ എല്ലാ മാധ്യമ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നുണ്ട്. പൊതുജനങ്ങളുടെയും പത്രമാധ്യമങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, വിമർശനങ്ങൾ, പരാതികൾ തുടങ്ങിയവ സമയാസമയങ്ങളിൽ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതും പൊതുജനസമ്പർക്ക വിഭാഗമാണ്. ആവശ്യമുള്ള സന്ദർഭങ്ങളിൽ കമ്മീഷൻ നല്കുന്ന വിശദമായ പ്രസ്താവനകൾ, സ്പഷ്ടീകരണങ്ങൾ തുടങ്ങിയവ പൊതുജനങ്ങളിൽ എത്തിക്കുന്നതും പൊതുജനസമ്പർക്ക വിഭാഗമാണ്. പൊതുജന സമ്പർക്ക വിഭാഗം ഒരു ഇൻഫർമേഷൻ കേന്ദ്രമായിക്കൂടി പ്രവർത്തിക്കുന്നു. 2015-2016 കാലഘട്ടത്തിൽ 197 പത്രകുറിപ്പുകൾ നൽകിയിട്ടുണ്ട്.

## അന്വേഷണ വിഭാഗം

കേരള പബ്ലിക് സർവീസ് കമ്മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള സംശയ നിവാരണത്തിനായും, വിവിധ അന്വേഷണങ്ങൾക്കായും നിത്യേന കമ്മിഷനെ സമീപിക്കുന്ന നൂറ് കണക്കിന് ഉദ്യോഗാർത്ഥികൾക്ക്, ആവശ്യമായ വിവരങ്ങൾ കൈമാറുന്നതിന് ഒരു എൻക്വയറി ഓഫീസർ, ഒരു സെക്ഷൻ ഓഫീസർ, അഞ്ച് അസിസ്റ്റന്റ്മാർ എന്നിവരടങ്ങുന്ന സംഘം ആസ്ഥാന ഓഫീസിലെ അന്വേഷണ വിഭാഗത്തിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചുവരുന്നു. പതിവ് ഓഫീസ് സമയത്തിനുപരിയായി രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെ അന്വേഷണ വിഭാഗം ഇത്തരത്തിൽ തുടർച്ചയായി പ്രവർത്തിച്ചുവരുന്നു.

## പി.എസ്.സി ബുള്ളറ്റിന്‍ പ്രസിദ്ധീകരണം

പി.എസ്.സി. യുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ പി.എസ്.സി. ബുള്ളറ്റിൻ 01.06.1997-ൽ പുറത്തിറക്കിയ വാല്യത്തിലൂടെ പുന:പ്രസിദ്ധീകരണം ആരംഭിച്ചു. പുന:പ്രസിദ്ധീകരണം തുടങ്ങിയതുമുതൽ 24 പേജുകളോട് കൂടി എല്ലാ മാസവും 1, 15 തീയതികളിൽ ദ്വൈവാരികയായി പി.എസ്.സി ബുള്ളറ്റിൻ മുടക്കമില്ലാതെ പ്രസിദ്ധീകരിച്ചുവരുന്നു.

സ്ഥിരം പംക്തികളായ സംശയങ്ങൾക്ക് മറുപടി, നിയമനം ഇതുവരെ, റാങ്ക്പട്ടികകൾ, ചുരുക്കപ്പട്ടികകൾ, അഭിമുഖ സമയക്രമം, പരീക്ഷാകലണ്ടർ, മുൻചോദ്യപേപ്പറുകൾ, പരിഷ്കരിച്ച ഉത്തര സൂചിക എന്നിവയ്ക്ക് പുറമേ, തൊഴിൽ അന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടും വിധം സമകാലികവും, ആനുകാലികമായ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തിവരുന്നു. ശാസ്ത്രവിഷയങ്ങളും സ്ഥംസ്ക്കാരിക വിഷയങ്ങളുമായി ബന്ധപ്പെട്ട പംക്തികളും പൊതുവിജ്ഞാനം, ലഘു ഗണിതം, മാനസിക കാര്യശേഷി പരിശോധന എന്നിവയുമായി ബന്ധപ്പെട്ട മാതൃകാ ചോദ്യപേപ്പറുകൾ എന്നിവയും പ്രസിദ്ധീകരിക്കുന്നു. വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനങ്ങളുടെ വിശദാംശങ്ങൾ പി.എസ്.സി ബുള്ളറ്റിനിന്റെ പ്രധാന സവിശേഷതയാണ്.

റിപ്പോർട്ട് കാലയളവിൽ പി.എസ്.സി ബുള്ളറ്റിനിന്റെ 24 പതിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിതരണം ത്വരിതപ്പെടുത്തുന്നതിനായി 36 പുതിയ പ്രതിനിധികളെ വിവിധ ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ പി.എസ്.സി.ബുള്ളറ്റിനിന്റെ പ്രചാരം 2015-16 ൽ 33000 ആണ്. താലൂക്ക്തല പ്രൊമോട്ടേഴ്സിനെ വിതരണം വർദ്ധിപ്പിക്കുന്നതിനും, ത്വരിതപ്പെടുത്തുന്നതിനു മായി നിയമിച്ചിട്ടുണ്ട്.

## പി.എസ്.സി ബുള്ളറ്റിൻ വില്പനയുമായി ബന്ധപ്പെട്ട കണക്കുകൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | ചെലാൻ വഴി സമാഹരിച്ച തുക | - | 51380.00 |
| 2 | ഡിമാന്റ് ഡ്രാഫ്റ്റ് | - | 218680.00 |
| 3 | മണി ഓർഡർ | - | 392800.00 |
| 4 | കൗണ്ടറിൽ നിന്നുള്ള വിറ്റുവരവ് | | 1780.00 |
| 5 | വാർഷിക വരിസംഖ്യയും പി.എസ്.സി ബുള്ളറ്റിൻ വിറ്റുവരവും | - | 146500.00 |
| 6 | പ്രതിനിധികളിൽ നിന്ന് | - | 197830.00 |
| | **ആകെ** | - | **1008970.00** |
| | **(പത്തു ലക്ഷത്തി എണ്ണായിരത്തിത്തൊള്ളായിരത്തി എഴുപത് രൂപ.)** | | |

## വിവര-വിനിമയ വിഭാഗങ്ങൾ

2005-ലെ വിവരാവകാശനിയമവുമായി ബന്ധപ്പെട്ട അപ്പീലുകൾ കൈകാര്യം ചെയ്യുന്നതിനാണ് ഈ സെക്ഷൻ രൂപീകരിച്ചിട്ടുള്ളത്. ഉദ്യോഗാർത്ഥികൾ

സമർപ്പിക്കുന്ന അന്വേഷണങ്ങളും/പരാതികളും ഈ സെക്ഷൻ കൈകാര്യം ചെയ്യുന്നു. വിവരാവകാശ നിയമപ്രകാരം നിയമിച്ച അപ്പീൽ അധികാരിയായിട്ടുള്ള ഒരു ജോയിന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിലാണ് ഈ സെക്ഷൻ പ്രവർത്തിച്ച് വരുന്നത്. **കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 18 സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും 19 അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും ഒരു അപ്പീൽ അധികാരിയുമാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്.**

അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന പൊതു വിവരാവകാശ ഓഫീസറായി നിയമിക്കുകയും ടി ഓഫീസറുടെ കീഴിൽ രണ്ട് സെക്ഷനുകൾ ഉൾപ്പെടുത്തിക്കൊണ്ട് നിലവിലുണ്ടായിരുന്ന കേന്ദ്രീകൃത സംവിധാനം 01/03/2014 മുതൽ കമ്മീഷന്റെ തീരുമാനപ്രകാരം നിലവിൽ വന്നു.

**<u>താഴെ പറയുന്ന വിഭാഗം ജീവനക്കാരുടെ സേവനം ഇതിലേക്കായി ലഭ്യമാക്കിയിട്ടുണ്ട്.</u>**

| | |
|---|---|
| സെക്ഷൻ ആഫീസർ | 1 |
| അസിസ്റ്റന്റുമാർ | 3 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |

റിപ്പോർട്ട് കാലയളവിലെ പ്രസ്തുത സെക്ഷനുകളുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ 33 മുതൽ 39 വരെയുള്ള അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## <u>ഗ്രന്ഥശാല</u>

അംഗത്വം ജീവനക്കാർക്കും മെമ്പർമാർക്കുമായി പരിമിതപ്പെടുത്തിയിട്ടുള്ള ഒരു വായനാധിഷ്ഠിതമായ നിർദ്ദേശക ഗ്രന്ഥശാലയായി കേരള പബ്ലിക് സർവീസ് കമ്മീഷൻ ഗ്രന്ഥശാല പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ താഴെ പറയുന്ന പ്രവർത്തനങ്ങളും ഗ്രന്ഥശാലയിൽ കൈകാര്യം ചെയ്യുന്നു.

1 കമ്മീഷൻ മുൻ കാലഘട്ടത്തിൽ നടത്തിയിട്ടുള്ള വകുപ്പുതല പരീക്ഷകളുടെയും, മത്സര പരീക്ഷകളുടെയും ചോദ്യപേപ്പറുകളുടെ സൂചിക തയ്യാറാക്കൽ

2 കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളുടെ സൂചിക തയ്യാറാക്കൽ

3 ഗ്രന്ഥശാലയിൽ ലഭ്യമാകുന്ന പുസ്തകങ്ങളുടെ തരംതിരിക്കലും പട്ടിക തയ്യാറാക്കലും

4 റെഡി റെഫറൻസ് സേവനം

ഗ്രന്ഥശാലാ കമ്മിറ്റി 04/02/2013, 25/03/2013 എന്നീ തീയതികളിൽ കൂടുകയുണ്ടായി. ചെയർമാന്റെയും മറ്റ് മെമ്പർമാരുടെയും കമ്മീഷന്റെ സ്റ്റാഫിന്റെയും അഭിപ്രായമനുസരിച്ച്

പുതിയ പുസ്തകങ്ങളും മറ്റും വാങ്ങുന്നതിനും ഗ്രന്ഥശാല ഉൾക്കൊള്ളുന്ന കെട്ടിടത്തിന്റെ ഭാഗം നവീകരിക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുകവഴി അതിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത കമ്മിറ്റിയിൽ തീരുമാനമുണ്ടായി. ഇതിനായി 'കോഹ' സോഫ്റ്റ് വെയർ വികസിപ്പിച്ച് പ്രവർത്തിപ്പിച്ച് വരുന്നു.

## അദ്ധ്യായം - 6
## വരവും ചെലവും, കത്തിടപാടുകൾ, ആന്തരിക കണക്ക് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനരീതി

### വരവും ചെലവും

വകുപ്പുതലപരീക്ഷകൾക്കുള്ള അപേക്ഷാഫീസ്, വകുപ്പുതലപരീക്ഷയുടെ സർട്ടിഫിക്കറ്റ് ഫീസ്, കോർട്ട്ഫീസ്റ്റാമ്പുകൾ, ഇന്ത്യൻ പോസ്റ്റൽ ഓർഡർ, പി.എസ്.സി ബുള്ളറ്റിനിന്റെയും, ഒ.എം.ആർ അപേക്ഷകളുടെയും വിൽപന തുടങ്ങിയവയിലൂടെ ലഭ്യമായ ആകെ വരവ് **2,34,19,094/-** രൂപയാണ്. മുൻ സാമ്പത്തിക വർഷത്തെ ആകെ വരവ് **2,29,61,636/-** രൂപയായിരുന്നു. നടപ്പ സാമ്പത്തിക വർഷത്തെ ആകെ ആഡിറ്റ് എസ്റ്റിമേറ്റ് (അനുവദിച്ചത്) **1,30,15,58,000/-** രൂപയും മുൻ സാമ്പത്തിക വർഷത്തെ **1,25,46,12,348/-** രൂപയെ അപേക്ഷിച്ച് റിപ്പോർട്ട് കാലയളവിലെ ആകെ ചെലവ് **1,29,89,00,482/-** രൂപയാണ്.

വരവ് ചെലവ് കണക്കുകളുടെ വിശദാംശം അനുബന്ധം II ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ആന്തരിക കണക്ക് പരിശോധനാ വിഭാഗം

30/03/2005 ലെ എസ്റ്റാ II (1) 1/2004/ഗ.വി ഉത്തരവ് പ്രകാരം ആദ്യമായി ഒരു ആന്തരിക കണക്ക് പരിശോധനാവിഭാഗം രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ 01/04/2005 ൽ ആരംഭിക്കുകയും ചെയ്തു. 2015-16 കാലയളവിൽ താഴെ പട്ടികയിലെ വിവരപ്രകാരം, ആസ്ഥാന, മേഖലാ, ജില്ലാ ആഫീസുകളിലെ സാമ്പത്തിക കാര്യങ്ങളിൽ ഈ വിഭാഗം പരിശോധനകൾ നടത്തിയിരുന്നു.

| ക്രമ നമ്പർ | ആഫീസിന്റെ പേര് | കണക്ക് പരിശോധനാ കാലഘട്ടം | പരിശോധനാ തീയതി |
|---|---|---|---|
| 1 | ജില്ലാ ആഫീസ് കാസർഗോഡ് | 01/05/2014-30/04/2015 | 26/05/2015-29/05/2015 |
| 2 | ജില്ലാ ആഫീസ് തൃശ്ശൂർ | 01/06/2014-31/05/2015 | 24/06/2015-27/06/2015 |
| 3 | ജില്ലാ ആഫീസ് മലപ്പുറം | 01/07/2014-30/06/2015 | 17/07/2015&20/07/2015-22/07/2015 |
| 4 | ജില്ലാ ആഫീസ് എറണാകുളം | 01/08/2014-31/07/2015 | 18/08/2015-21/08/2015 |
| 5 | ജില്ലാ ആഫീസ് ആലപ്പുഴ | 01/09/2014-31/08/2015 | 07/09/2015-10/09/2015 |
| 6 | ജില്ലാ ആഫീസ് കോഴിക്കോട് | 01/09/2014-31/08/2015 | 16/09/2015-19/09/2015 |
| 7 | ജില്ലാ ആഫീസ് കൊല്ലം | 01/10/2014-30/09/2015 | 27/10/2015-30/10/2015 |
| 8 | ജില്ലാ ആഫീസ് കണ്ണൂർ | 01/12/2014-30/11/2015 | 17/11/2015-20/11/2015 |
| 9 | ജില്ലാ ആഫീസ് വയനാട് | 01/11/2014-31/10/2015 | 01/12/2015-04/12/2015 |

| | | | |
|---|---|---|---|
| 10 | ജില്ലാ ആഫീസ് ഇടുക്കി | 01/12/2014-30/11/2015 | 15/12/2015-18/12/2015 |
| 11 | ജില്ലാ ആഫീസ് പത്തനംതിട്ട | 01/01/2015-31/12/2015 | 05/01/2016-08/01/2016 |
| 12 | ജില്ലാആഫീസ് തിരുവനന്തപുരം | 01/02/2015-31/01/2015 | 27/01/2016-30/01/2016 |
| 13 | ജില്ലാ ആഫീസ് കോട്ടയം | 01/01/2015-31/12/2016 | 09/02/2016-12/02/2016 |
| 14 | ജില്ലാ ആഫീസ് പാലക്കാട് | 01/03/2015-28/02/2016 | 01/03/2016-04/03/2016 |
| 15 | മേഖലാ ആഫീസ് കൊല്ലം | 01/06/2014-31/05/2015 | 04/06/2015-06/06/2015 |
| 16 | മേഖലാ ആഫീസ് കോഴിക്കോട് | 01/08/2014-31/07/2015 | 04/08/2015-06/08/2015 |
| 17 | മേഖലാആഫീസ് എറണാകുളം | 01/07/2014-30/06/2015 | 08/07/2015-10/07/2015 |

മുൻ പട്ടികയിൽ വിവരിച്ചത് കൂടാതെ ആസ്ഥാന ആഫീസിലെ അക്കൗണ്ട്സ് സെക്ഷനിൽ പരിശോധനകൾ നടത്തുകയും 31.03.2014 വരെയുള്ള റിപ്പോർട്ട് **07.04.2015** ൽ സമർപ്പിക്കുകയും ചെയ്തു. ഇന്റേണൽ ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി സെക്രട്ടറിയുടെ ചേമ്പറിൽ വച്ച് 20/06/2015, 05/11/2015 & 01/01/2016 തീയതികളിൽ വിലയിരുത്തൽ യോഗം ചേരുകയുണ്ടായി.


## കത്തിടപാടുകൾ


സർക്കാരിൽ നിന്നും, വിവിധ വകുപ്പ് മേധാവികളിൽ നിന്നും, വിവിധ കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും, മറ്റ് പരാതികളായും ആകെ **152427** കത്തുകൾ റിപ്പോർട്ട് കാലയളവിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ **67485** എണ്ണം ആസ്ഥാന ആഫീസിലും, **7499** എണ്ണം മേഖലാ ആഫീസുകളിലും **77443** എണ്ണം ജില്ലാ ആഫീസുകളിലുമാണ് ലഭിച്ചത്. **3423** എണ്ണം സർക്കാരിൽ നിന്നും **49921** എണ്ണം വിവിധ വകുപ്പുകളുടെയും, കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെയും മേധാവികളിൽ നിന്നാണ് ലഭ്യമായത്. **76448** എണ്ണം പരാതികളും മറ്റ് അനാമത്ത് കത്തുകളുമാണ്.

## അയച്ചകത്തുകൾ

റിപ്പോർട്ട് കാലയളവിനുള്ളിൽ **1,22,722** കത്തുകൾ സർക്കാരിലേയ്ക്കും, വിവിധ വകുപ്പു മേധാവികൾക്കും, കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലേക്കുമായി അയച്ചിട്ടുണ്ട്. ഇതിൽ **10,013** എണ്ണം ആസ്ഥാന ആഫീസിൽ നിന്നും **23,982** എണ്ണം മേഖലാ ആഫീസുകളിൽ നിന്നും **88,727** എണ്ണം ജില്ലാ ആഫീസുകളിൽ നിന്നുമാണ് അയച്ചത്. **2,495** എണ്ണം സർക്കാരിലേക്കും, **33,104** എണ്ണം വിവിധ വകുപ്പുകളുടെയും, കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയുടെയും, സഹകരണ സ്ഥാപനങ്ങളുടെയും മേധാവികൾക്കുമാണ് അയച്ചത്. ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് രൂപത്തിലും നിരസന അറിയിപ്പായും **92,378** കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. ഇതിൽ **12,346** എണ്ണം ആസ്ഥാന ആഫീസിൽ നിന്നും, **20,356** എണ്ണം മേഖലാ ആഫീസിൽ നിന്നും **59,676** എണ്ണം ജില്ലാ ആഫീസിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്. അനാമത്ത് വകയിൽ **9607** കത്തിടപാടുകൾ നടത്തിയിട്ടുള്ളതിൽ **561** എണ്ണം ആസ്ഥാന ആഫീസിൽ നിന്നും, **7,812** എണ്ണം മേഖലാ/ജില്ലാ ആഫീസുകളിൽ നിന്നുമാണ്.കൂടാതെ റിപ്പോർട്ട്

കാലയളവിൽ **62,56,439** എസ് എം എസ് അറിയിപ്പുകളും ഉദ്യോഗാർത്ഥികൾക്ക് അയച്ചിട്ടുണ്ട്.





## അദ്ധ്യായം – 7

## പരീക്ഷകൾ

### പരീക്ഷാവിഭാഗം

പരീക്ഷാവിഭാഗം, പരീക്ഷാവിഭാഗം അഡീഷണൽ സെക്രട്ടറിയുടെ ചുമതലയിൽ പ്രവർത്തിക്കുന്നു. വിവിധ തസ്തികകളിലേക്കുള്ള പരീക്ഷകൾ നടത്തുക എന്നതാണ് പരീക്ഷാ വിഭാഗത്തിന്റെ ഏറ്റവും പ്രമുഖമായ ചുമതല. സ്വീകാര്യമായ അപേക്ഷകരെ ഉൾക്കൊള്ളിച്ച് പട്ടികകൾ തയ്യാറാക്കുക, പരീക്ഷാകേന്ദ്രങ്ങൾ തീരുമാനിക്കുക, അഡ്മിഷൻ ടിക്കറ്റ് തയ്യാറാക്കുക, അവ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു കർത്തവ്യങ്ങളാണ്. ഉത്തരക്കടലാസുകളുടെ ക്രമീകരണം, മൂല്യ നിർണ്ണയം, ഫലം തയ്യാറാക്കൽ എന്നിവയും പരീക്ഷാ വിഭാഗത്തിൽ കൈകാര്യം ചെയ്യുന്നു. റിപ്പോർട്ട് കാലയളവിൽ, **50,26,351** ഉദ്യോഗാർത്ഥി കളെ ഉൾപ്പെടുത്തി **216** പരീക്ഷകൾ (എഴുത്തു പരീക്ഷ, ഒ.എം.ആർ പരീക്ഷ ഉൾപ്പെടെ) വിവിധ തസ്തികകളിലേയ്ക്കായി നടത്തിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ നടത്തിയ പരീക്ഷകളുടെ വിശദാംശം അനുബന്ധം **6-** ൽ ഉറ്റപ്പെടുത്തിയിട്ടുണ്ട്.

**അവസാന പത്ത് വർഷത്തിൽ പരീക്ഷകൾക്ക് ഉൾപ്പെട്ടത്തിയ ഉദ്യോഗാർത്ഥികളുടെ വിശദാംശം**





## അദ്ധ്യായം - 8


# തെരഞ്ഞെടുപ്പ്/നിയമനം - പൊതുവിൽ


## നിയമനം ഒറ്റനോട്ടത്തിൽ

| വിഷയം | 2014-2015 | 2015-2016 |
|---|---|---|
| വിജ്ഞാപനങ്ങൾ | 784 | 619 |
| വിജ്ഞാപനം ചെയ്ത തസ്തികകൾ | 1,149 | 969 |
| ലഭ്യമായ അപേക്ഷകൾ | 58,11,567 | 46,54,688 |
| എഴുത്തു പരീക്ഷയ്ക്ക് അനുവദിച്ചവർ | 42,22,665 | 50,26,351 |
| പ്രായോഗിക പരീക്ഷയ്ക്ക് അനുവദിച്ചവർ | 2,065 | 11,239 |
| കായികക്ഷമതാ പരീക്ഷയ്ക്ക് അനുവദിച്ചവർ | 75,475 | 13,120 |
| അഭിമുഖത്തിന് അനുവദിച്ചവർ | 20,357 | 20,026 |
| പ്രസിദ്ധീകരിച്ച റാങ്ക്പട്ടികകൾ | 630 | 685 |
| നിലവിലുള്ള റാങ്ക്പട്ടികകൾ | 2,099 | 2,075 |
| റദ്ദായ/കാലഹരണപ്പെട്ട റാങ്ക്പട്ടികകൾ | 474 | 386 |
| നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾ | 27,213 | 26234 |

## നിയമനം ഒറ്റനോട്ടത്തിൽ



## വിജ്ഞാപനങ്ങൾ

റിപ്പോർട്ട് കാലയളവിൽ **969** തസ്തികകൾ വിവിധ വിഭാഗങ്ങളിലായി വിജ്ഞാപനം ചെയ്തു. വിജ്ഞാപനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം III ൽ ഉ ൾപ്പെടുത്തിയിട്ടുണ്ട്.

**വിജ്ഞാപനം ചെയ്ത തസ്തികകൾ ഒറ്റനോട്ടത്തിൽ**

| | ആസ്ഥാന ആഫീസ് | | മേഖലാ ആഫീസ് | | ജില്ലാ ആഫീസ് | | ആകെ |
|---|---|---|---|---|---|---|---|
| വിശദാംശം | പൊതു വിഭാഗം | പട്ടികജാതി/ വർഗ്ഗ വിഭാഗം | പൊതു വിഭാഗം | പട്ടികജാതി/ വർഗ്ഗ വിഭാഗം | പൊതു വിഭാഗം | പട്ടികജാതി/ വർഗ്ഗ വിഭാഗം | |
| സംസ്ഥാന സർവീസ് | 134 | 38 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 172 |
| സബോർഡിനേറ്റ് സർവീസ് | 60 | 37 | 26 | ഇല്ല | 479 | 26 | 628 |
| കമ്പനികൾ/ കോർപറേഷൻ/ ബോർഡുകൾ | 37 | 2 | 10 | ഇല്ല | 10 | ഇല്ല | 59 |
| സഹകരണ സ്ഥാപനങ്ങൾ | 17 | ഇല്ല | ഇല്ല | ഇല്ല | 93 | ഇല്ല | 110 |
| അർഹതാനിർണയം യോഗ്യതാനിർണയം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| **ആകെ** | **248** | **77** | **36** | ഇല്ല | **582** | **26** | **969** |

സംവരണസമുദായങ്ങൾക്കുള്ള പ്രത്യേക തെരഞ്ഞെടുപ്പിനായി **113** തസ്തികകൾ റിപ്പോർട്ട് കാലയളവിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംവരണ സമുദായങ്ങൾക്കുള്ള പ്രത്യേക തെരഞ്ഞെടുപ്പു വഴി നികത്തപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധം 13-F ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സംവരണ സമുദായങ്ങൾക്കായുള്ള പ്രത്യേക വിജ്ഞാപനം- ഒറ്റനോട്ടത്തിൽ**

| വിശദാംശങ്ങൾ | സംസ്ഥാനതലം | ജില്ലാ തലം | ആകെ |
|---|---|---|---|
| സംസ്ഥാന സർവ്വീസ് | 13 | ഇല്ല | 13 |
| സബോർഡിനേറ്റ് സർവ്വീസ് | 18 | 70 | 88 |
| കമ്പനികൾ/കോർപ്പറേഷനുകൾ/ ബോർഡുകൾ/സഹകരണ സ്ഥാപനങ്ങൾ | 10 | 2 | 12 |
| **ആകെ** | **41** | **72** | **113** |

## തെരഞ്ഞെടുപ്പിനുള്ള അപേക്ഷകൾ

വിവിധ തസ്തികകളിലെ തെരഞ്ഞെടുപ്പിനായി ആകെ ലഭ്യമായ അപേക്ഷകൾ **46,54,692** ആണ്. ഇതിൽ **25,23,389** എണ്ണം സംസ്ഥാനതല തെരഞ്ഞെ ടുപ്പുകൾക്കും **21,31,303** എണ്ണം ജില്ലാ തല തെരഞ്ഞെ ടുപ്പുകൾക്കുമാണ് ലഭിച്ചത്.


**വിശദാംശം ചുവടെ പട്ടികയിൽ**.

| വിശദവിവരങ്ങൾ | ആസ്ഥാന ആഫീസ് | | മേഖലാ ആഫീസ് | | ജില്ലാ ആഫീസ് | | ആകെ |
|---|---|---|---|---|---|---|---|
| | പൊതു വിജ്ഞാപനം | പ്രത്യേക വിജ്ഞാപനം | പൊതു വിജ്ഞാപനം | പ്രത്യേക വിജ്ഞാപനം | പൊതു വിജ്ഞാപനം | പ്രത്യേക വിജ്ഞാപനം | |
| സംസ്ഥാന സർവ്വീസ് | 8,79,022 | 51,449 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9,30,470 |

| | | | | | | | |
|---|---|---|---|---|---|---|---|
| സബോർഡിനേറ്റ് സർവ്വീസ് | 6,12,871 | 1,39,969 | 2,06,907 | ഇല്ല | 16,38,872 | 1,41,193 | 27,39,812 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 5,19,568 | 33,919 | 77,711 | ഇല്ല | 2,89,022 | ഇല്ല | 9,20,220 |
| സഹകരണ സ്ഥാപനങ്ങൾ | 1973 | ഇല്ല | ഇല്ല | ഇല്ല | 62,212 | 4 | 64,189 |
| **ആകെ** | **20,13,434** | **2,25,337** | **2,84,618** | ഇല്ല | **19,90,106** | **1,41,197** | **46,54,692** |

## അവസാന പത്ത് വർഷത്തിൽ ലഭ്യമായ അപേക്ഷകളുടെ താരതമ്യ വിശകലനം

| വർഷം | അപേക്ഷകളുടെ എണ്ണം |
|---|---|
| **2006-2007** | **4322499** |
| **2007-2008** | **1616105** |
| **2008-2009** | **1642772** |
| **2009-2010** | **2943872** |
| **2010-2011** | **4245693** |
| **2011-2012** | **1713064** |
| **2012-2013** | **3469844** |
| **2013-2014** | **6049288** |
| **2014-2015** | **5811567** |
| **2015-2016** | **4654692** |




## തെരഞ്ഞെടുപ്പിന്റെ ഘട്ടങ്ങൾ

റിപ്പോർട്ട് കാലയളവിൽ തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകൾ തെരഞ്ഞെടുപ്പ് നടപടിയുടെ വിവിധ ഘട്ടങ്ങളിലാണ്.

## എഴുത്തു പരീക്ഷ

50,26,351 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റിപ്പോർട്ട് കാലയളവിൽ 216 എഴുത്തു പരീക്ഷ/ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾക്ക് അനുബന്ധം 6 കാണുക

## പ്രായോഗിക പരീക്ഷ/കായിക ക്ഷമതാ പരീക്ഷ

42 തസ്തികകൾക്കായി **11,239** ഉദ്യോഗാർത്ഥികളെ പ്രായോഗിക/ കായിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കി. വിശദാംശങ്ങൾ അനുബന്ധം 7 ൽ ചേർത്തിട്ടുണ്ട്.

## അഭിമുഖം

**368** തസ്തികകളിലേക്ക് **20,026** ഉദ്യോഗാർത്ഥികളെ അഭിമുഖത്തിനായി ക്ഷണിച്ചു. വിശദാംശം അനുബന്ധം 8 ൽ ചേർത്തിട്ടുണ്ട്.

## ചുരുക്കപ്പട്ടിക/റാങ്ക്പട്ടിക പ്രസിദ്ധീകരിക്കാനുള്ള തസ്തികകൾ

എഴുത്തുപരീക്ഷ/പ്രായോഗിക പരീക്ഷ/അഭിമുഖം കഴിഞ്ഞതും റാങ്ക്പട്ടിക/ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാനുള്ളതുമായ തസ്തികകളുടെ വിശദാംശം അനുബന്ധം 4 ൽ ചേർത്തിരിക്കുന്നു.

## തെരഞ്ഞെടുപ്പ് രീതി

കൃത്യനിർവഹണത്തിന്റെ സ്വഭാവമനുസരിച്ച് ഉദ്യോഗാർത്ഥികളുടെ ഗുണ നിലവാരം നിർണ്ണയിക്കുകയും താഴെ പറയുന്നതിൽ ഒന്നോ അതിലധികമോ പ്രക്രിയകൾ വഴി തെരഞ്ഞെടുപ്പ് നടപടി പൂർത്തീകരിക്കുകയും ചെയ്യുന്നു.

1. എഴുത്തു പരീക്ഷ മാത്രം
2. എഴുത്തു പരീക്ഷ + പ്രായോഗിക പരീക്ഷ/കായികക്ഷമതാ പരീക്ഷ
3. എഴുത്തു പരീക്ഷ+പ്രായോഗിക പരീക്ഷ/കായികക്ഷമതാ പരീക്ഷ+ അഭിമുഖം
4. എഴുത്തു പരീക്ഷ + അഭിമുഖം
5. പ്രായോഗിക പരീക്ഷ/കായികക്ഷമതാ പരീക്ഷ+ അഭിമുഖം
6. അഭിമുഖം മാത്രം

കോളേജുകളിലെയും, ഹയർ സെക്കന്ററി സ്കൂളുകളിലെയും അധ്യാപക തസ്തികകളുടെ **ഉൾപ്പെടെ ചില തെരെഞ്ഞെടുപ്പുകളിൽ** ഉദ്യോഗാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ ശതമാനം കൂടി പരിഗണിച്ചു വരുന്നു.

## പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ

കമ്മീഷന്റെ ആസ്ഥാന, മേഖലാ ജില്ലാ ആഫീസുകളിൽ നിന്നായി **2,86,564** ഉദ്യോഗാർത്ഥികളെ ഉറപ്പെടുത്തി **685** റാങ്ക്പട്ടികകൾ വിവിധ തസ്തികകളി ലേക്കായി റിപ്പോർട്ട് കാലയളവിൽ പ്രസിദ്ധീകരിച്ചു.

റിപ്പോർട്ട് കാലയളവിൽ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയുടെ വിശദാംശങ്ങൾ അനുബന്ധം 9 ൽ ഉറപ്പെടുത്തിയിട്ടുണ്ട്.

## നിലവിലുള്ള റാങ്ക് പട്ടികകൾ

**4,75,119** ഉദ്യോഗാർത്ഥികളുടെ പേരുകൾ ഉൾക്കൊള്ളുന്ന **2,075** റാങ്ക്പട്ടികകൾ വിവിധ തസ്തികകളിലേക്ക് റിപ്പോർട്ട് കാലയളവിൽ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധം 10 – ൽ ചേർത്തിട്ടുണ്ട്.

## കാലാവധി തീർന്ന/റദ്ദായ റാങ്ക് പട്ടികകൾ

വിവിധ തസ്തികകളിലേക്കുള്ള **386** റാങ്ക് പട്ടികകൾ റിപ്പോർട്ട് കാലയളവിൽ കാലാവധി തീരുകയോ റദ്ദാകുകയോ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ റദ്ദായതോ കാലാവധി തീർന്നതോ ആയ റാങ്ക്പട്ടികകളുടെ വിശദാംശങ്ങൾ അനുബന്ധം 11 - ൽ ചേർത്തിട്ടുണ്ട്.

റിപ്പോർട്ട് കാലയളവിൽ, ഒരു ഉദ്യോഗാർത്ഥിയെപോലും നിയമന ശിപാർശ ചെയ്യാതെ കാലാവധി അവസാനിച്ച **12** റാങ്ക് പട്ടികകൾ ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 12 - ൽ ചേർത്തിട്ടുണ്ട്.


## റാങ്ക് പട്ടികകൾ- ഒറ്റനോട്ടത്തിൽ

| വിശദാംശങ്ങൾ | റിപ്പോർട്ട് കാലയളവിൽ പ്രസിദ്ധീകരിച്ചവ | | റിപ്പോർട്ട് കാലയളവിൽ നിലവിലുള്ളവ | | കാലാവധി തീർന്നതോ/ റദ്ദായതോ ആയവ | |
|---|---|---|---|---|---|---|
| | ജനറൽ | സ്പെഷ്യൽ | ജനറൽ | സ്പെഷ്യൽ | ജനറൽ | സ്പെഷ്യൽ |
| **ആസ്ഥാന ആഫീസ്** | | | | | | |
| സംസ്ഥാന സർവ്വീസ് | 82 | 7 | 212 | 9 | 31 | 15 |
| സബോർഡിനേറ്റ് സർവ്വീസ് | 96 | 1 | 100 | 27 | 11 | 3 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 63 | 5 | 131 | 28 | 27 | ഇല്ല |
| സഹകരണ സ്ഥാപനങ്ങൾ | 11 | ഇല്ല | 39 | ഇല്ല | 1 | ഇല്ല |
| **മേഖലാ ആഫീസുകൾ** | | | | | | |
| സംസ്ഥാന സർവ്വീസ് | ഇല്ല | ഇല്ല | 8 | ഇല്ല | ഇല്ല | ഇല്ല |
| സബോർഡിനേറ്റ് സർവ്വീസ് | 8 | ഇല്ല | 51 | 3 | ഇല്ല | ഇല്ല |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 19 | ഇല്ല | 27 | ഇല്ല | ഇല്ല | ഇല്ല |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ജില്ലാ ഓഫീസുകൾ | | | | | | |
| സംസ്ഥാന സർവ്വീസ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സബോർഡിനേറ്റ് സർവ്വീസ് | 359 | 25 | 1240 | 110 | 257 | 6 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 1 | ഇല്ല | 26 | 2 | 2 | 1 |
| സഹകരണ സ്ഥാപനങ്ങൾ | 9 | ഇല്ല | 65 | ഇല്ല | 29 | ഇല്ല |

# നിയമന ശിപാർശകൾ

കമ്മീഷന്റെ ആസ്ഥാന/ജില്ലാആഫീസുകളിൽ നിന്നായി **26,234** ഉദ്യോഗാർത്ഥികൾക്ക് ഉദ്യോഗത്തിനായി നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ


| വിശദാംശങ്ങൾ | ആസ്ഥാന ആഫീസ് | | | | മേഖലാ ആഫീസ് | | | | ജില്ലാ ആഫീസ് | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ജനറൽ | | സ്പെഷ്യൽ | | ജനറൽ | | സ്പെഷ്യൽ | | ജനറൽ | | സ്പെഷ്യൽ | | |
| | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | |
| സംസ്ഥാന സർവ്വീസ് | 538 | 708 | 29 | 42 | 33 | 121 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | **1471** |
| സബോർഡിനേറ്റ് സർവ്വീസ് | 1480 | 2074 | 57 | 52 | 613 | 240 | ഇല്ല | ഇല്ല | 8043 | 6446 | 52 | 44 | **19101** |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 764 | 327 | 29 | 14 | 1077 | 1559 | ഇല്ല | ഇല്ല | 787 | 314 | ഇല്ല | ഇല്ല | **4871** |
| സഹകരണ സ്ഥാപനങ്ങൾ | 45 | 70 | ഇല്ല | ഇല്ല | 63 | 4 | ഇല്ല | ഇല്ല | 92 | 95 | 10 | 6 | **385** |
| **NCA** നിയമനങ്ങൾ | 67 | 73 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 116 | 150 | ഇല്ല | ഇല്ല | **406** |
| ആകെ | **2894** | **3252** | **115** | **108** | **1786** | **1924** | ഇല്ല | ഇല്ല | **9038** | **7005** | **62** | **50** | **26234** |




റിപ്പോർട്ട് കാലയളവിൽ ഒ.സി, ബി.സി. ഊഴങ്ങളിൽ നിയമന ശിപാർശ ലഭിച്ച സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിശദാംശം ചുവടെ

| | State Service | Subordinate Service | Company/Corpn/ Board etc. | Co-Operative sector | Total |
|---|---|---|---|---|---|
| **EZHAVA** | | | | | |
| OC Turn | 75 | 2449 | 628 | 38 | **6641** |
| BC Turn | 236 | 2547 | 633 | 35 | |
| **Total** | **311** | **4996** | **1261** | **73** | |
| **SC** | | | | | |
| OC Turn | 6 | 128 | 74 | 14 | **2395** |
| BC Turn | 130 | 1641 | 368 | 34 | |
| **Total** | **136** | **1769** | **442** | **48** | |
| **ST** | | | | | |
| OC Turn | - | 16 | 7 | 3 | **544** |
| BC Turn | - | 421 | 92 | 5 | |
| **Total** | - | **437** | **99** | **8** | |
| **MUSLIM** | | | | | |
| OC Turn | 33 | 298 | 62 | 24 | **3254** |
| BC Turn | 139 | 2174 | 496 | 28 | |
| **Total** | **172** | **2472** | **558** | **52** | |
| **LC/AI** | | | | | |
| OC Turn | 11 | 120 | 27 | 2 | **1191** |
| BC Turn | 51 | 793 | 184 | 3 | |
| **Total** | **62** | **913** | **211** | **5** | |
| **OBC** | | | | | |
| OC Turn | 23 | 641 | 82 | 3 | **1760** |
| BC Turn | 41 | 796 | 170 | 4 | |
| **Total** | **64** | **1437** | **252** | **7** | |
| **VISWAKARMA** | | | | | |
| OC Turn | 19 | 212 | 93 | 4 | **979** |
| BC Turn | 32 | 506 | 111 | 2 | |
| **Total** | **51** | **718** | **204** | **6** | |
| **DHEEVARA** | | | | | |
| OC Turn | 4 | 162 | 21 | 4 | **538** |
| BC Turn | 18 | 239 | 83 | 7 | |
| **Total** | **22** | **401** | **104** | **11** | |
| **SIUC NADAR** | | | | | |
| OC Turn | 3 | 196 | 27 | 2 | **549** |
| BC Turn | 3 | 250 | 67 | 1 | |
| **Total** | **6** | **446** | **94** | **3** | |
| **OX** | | | | | |
| OC Turn | 0 | 41 | 8 | 1 | **327** |
| BC Turn | 7 | 215 | 50 | 5 | |
| **Total** | **7** | **256** | **58** | **6** | |
| **HINDU-NADAR** | | | | | |
| OC Turn | 3 | 122 | 16 | 7 | **389** |
| BC Turn | 10 | 187 | 36 | 8 | |
| **Total** | **13** | **309** | **52** | **15** | |


പൊതു, സംവരണ ഊഴങ്ങളിൽ നിയമന ശിപാർശ ലഭിച്ച സംവരണ വിഭാഗവിഭാഗത്തിൽപ്പെട്ട ഉദ്യോ ഗാർത്ഥികളുടെ വിശദാംശം




റിപ്പോർട്ട് കാലയളവിൽ നടത്തിയ നിയമന ശിപാർശകളുടെ വിശദാംശങ്ങൾ 13 മുതൽ 14 വരെയുള്ള അനുബന്ധങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**കഴിഞ്ഞ 10 വർഷത്തിൽ കമ്മീഷൻ നടത്തിയ നിയമനപ ശിപാർശകളുടെ താരതമ്യ വിശകലനം**

| Year | No. of Advice |
|---|---|
| 2006-2007 | 20,806 |
| 2007-2008 | 29,723 |
| 2008-2009 | 17,858 |
| 2009-2010 | 51,213 |
| 2010-2011 | 42,505 |
| 2011-2012 | 33,919 |
| 2012-2013 | 29,925 |
| 2013-2014 | 33,001 |
| 2014-2015 | 27,213 |
| 2015-2016 | 26,234 |




## Details of Thrownouts/Re-Registered during the Financial year 2015-16

| SL. No | Name of Post & Department | Date of Advice | No of Post Advised | Date of Re-Registration | Remarks |
|---|---|---|---|---|---|
| Head Office Thiruvananthapuram | | | | | |
| NIL | | | | | |
| Regional Office, Kollam | | | | | |
| 1 | Driver Gr.II/Driver HDV- Various Company/Board/ Corp. | 12/02/15 | KLR V(3) 393/11 Dtd. 12.02.2015 (One Candidate) | 25/06/15 | Treated as Thrownout as per Order in Lr.No.CR II(2) 1169/10 Dtd.25.06.2015 |
| Regional Office, Eranakulam | | | | | |
| NIL | | | | | |
| Regional Office, Kozhikode | | | | | |
| NIL | | | | | |
| District Office, Thiruvananthapuram | | | | | |
| 1 | LGS Various | 04/12/15 | 1 | 07/07/16 | |
| 2 | Ayurveda therapist Ayurveda College | 02/06/15 | 1 | Not Re-registered | |

| | | | | | |
|---|---|---|---|---|---|
| District Office, Kollam | | | | | |
| 1 | LD Typist Various (Museum & Zoo) | 12/12/14 | 1 | 19/09/16 | Re-advised on 19/09/16 |
| 2 | LGS Various (Social Justice Dept) | 29/09/15 | 3 | | Re-advised on 05/04/16 |
| District Office, Eranakulam | | | | | |
| 1 | LD Typist – Health | 17/06/15 | 1 | 01/09/15 | 30/09/15 |
| 2 | Driver(HDV) – Health | 05/06/16 | 1 | 01/07/16 | 12/07/16 |
| District Office, Thrissur | | | | | |
| NIL | | | | | |
| District Office, Palakkad | | | | | |
| 1 | L D Clerk – Stationery | 25/11/15 | 1 | 01/07/16 | Re-advised to Agriculture(HQ Vacancy) on 28/07/16 |
| District Office, Malappuram | | | | | |
| 1 | LD Typist – Judiciary(Criminal) | 05/10/15 | 1 | 01/12/15 | Re-advised on 11/01/16 |
| 2 | LD Typist – Urban Affairs | 15/10/14 | 1 | 03/12/15 | Re-advised on 28/12/15 |
| District Office, Kozhikode | | | | | |
| 1 | LD Clerk – Various | 07/03/15 | 1 | | Re-advised on 26/08/15 |
| District Office, Wayanad | | | | | |
| 1 | LGS -Various | 02/02/15 | 1 | 26/05/15 | Re-advised on 11/06/15 |
| 2 | LDC – Various | 29/05/15 | 1 | 26/12/15 | Re-advised on 27/01/16 |
| 3 | LDC – Various | 29/05/15 | 1 | 31/12/15 | Re-advised on 27/01/16 |
| 4 | LDC – Various | 29/05/15 | 1 | 31/12/15 | Re-advised on 24/06/16 |
| District Office, Kannur | | | | | |
| 1 | LDC – Various | 12/08/14 | 1 | 17/02/16 | Re-advised on 30.03.2016 [Co-operative Department (HQ)] |
| District Office, Kasaragod | | | | | |
| NIL | | | | | |

## അദ്ധ്യായം- 9

## തെരഞ്ഞെടുപ്പ് നടപടികൾ- കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ

ഇന്ത്യൻ ഭരണഘടനയുടെ 321-ാം ആർട്ടിക്കിൾ പ്രകാരം സംസ്ഥാന നിയമ നിർമാണ സഭകൾ പാസാക്കിയിട്ടുള്ള ആക്ടനുസരിച്ച് കമ്മീഷന് അധിക ചുമതല നിർവഹിക്കേണ്ട വിവിധ കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ എന്നിവയിലെ വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധമായ വിഷയങ്ങൾ, ഒരു ജോയിന്റ് സെക്രട്ടറിയുടെ ചുമതലയിൽ പ്രവർത്തിക്കുന്ന കോർപറേഷൻ വിഭാഗം കൈകാര്യം ചെയ്തു വരുന്നു. നിലവിൽ കമ്പനികൾ/ കോർപറേഷനുകൾ/ബോർഡുകൾ തുടങ്ങി **103** സ്ഥാപനങ്ങളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തു വരുന്നു.

റിപ്പോർട്ട് കാലയളവിൽ കമ്പനികൾ/ കോർപറേഷനുകൾ/ബോർഡുകൾ എന്നിവയിലെ **59** തസ്തികകളിലേയ്ക്കായി **9,20,220** അപേക്ഷകൾ സ്വീകരിക്കുകയും **4,871** ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## അദ്ധ്യായം- 10

## തെരഞ്ഞെടുപ്പ്/നിയമനം - സഹകരണ സ്ഥാപനങ്ങൾ

5/96 ആക്ട് പ്രകാരം 15 സഹകരണ സൊസൈറ്റികളിലേയ്ക്കും ജില്ലാ സഹകരണ ബാങ്കുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്യുന്നതിനുള്ള അധികചുമതലകൾ കമ്മീഷനിൽ നിക്ഷിപ്തമാക്കി. 'ടി' ആക്ടുമായി ബന്ധപ്പെട്ട് 10/03/1998 ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (Consultation by committee of Co-operative Society) ചട്ടങ്ങൾ 1998 ൽ നിലവിൽ വരികയും ചെയ്തു. 'ടി' സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ ജോയിന്റ് സെക്രട്ടറിക്ക് കീഴിൽ പ്രവർത്തിക്കുന്ന കോ - ഓപ്പറേറ്റീവ് സെക്ടർ വിഭാഗത്തിൽ കൈകാര്യം ചെയ്തു വരുന്നു. 14 ജില്ലാ സഹകരണ ബാങ്കുകളിലേക്കും, 15 അപെക്സ് സഹകരണ സൊസൈറ്റികളിലേക്കും, 3 മറ്റ് സൊസൈറ്റികളിലേയ്ക്കും നിയമന നടപടികൾ കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നു.

റിപ്പോർട്ട് കാലയളവിൽ സഹകരണസ്ഥാപനങ്ങളിലെ **110** തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുകയും **64,185** അപേക്ഷകൾ ലഭ്യമാകുകയും **385** ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.


## അദ്ധ്യായം– 11
## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായുള്ള പ്രത്യേക തെരഞ്ഞെടുപ്പ്

1958 ലെ കേരള സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ 17-A നിബന്ധനയുടെയും സർക്കാരിന്റെ പ്രത്യേക നയത്തിന്റെയും അടിസ്ഥാനത്തിൽ, നിയമനാധികാരികൾ ഒഴിവുകൾ എഴുതി അറിയിക്കുന്നതനുസ രിച്ച് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക തെരഞ്ഞെടുപ്പ് നടപടികൾ കമ്മീഷൻ തുടർന്ന് വരുന്നു.

### വിജ്ഞാപനങ്ങൾ

റിപ്പോർട്ട് കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി **103 തസ്തികകളിലേക്ക്** കമ്മീഷൻ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ

### സ്പെഷ്യൽ റിക്രൂട്ട്മെന്റ് **വിജ്ഞാപനങ്ങൾ**




| സേവന വിഭാഗം | **സംസ്ഥാനതലം** | ജില്ലാതലം | |
|---|---|---|---|
| സംസ്ഥാന സർവ്വീസ് | 38 | ഇല്ല | |
| സബോർഡിനേറ്റ് സർവ്വീസ് | 37 | 26 | |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 2 | ഇല്ല | |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല | |
| **ആകെ** | **77** | **26** | |


പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 3 – ൽ വിശദമാക്കിയിട്ടുണ്ട്.

## ലഭ്യമായ അപേക്ഷകൾ

റിപ്പോർട്ട് കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമായി വിജ്ഞാപനം ചെയ്ത **103** തസ്തികകളിലേ ക്ക് **3,66,637** അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

### പ്രത്യേക തെരഞ്ഞെടുപ്പ് – ലഭ്യമായ അപേക്ഷകൾ

| സേവന വിഭാഗം | സംസ്ഥാനതലം | | ജില്ലാതലം | | ആകെ |
|---|---|---|---|---|---|
| | തസ്തികകൾ | അപേക്ഷകൾ | തസ്തികകൾ | അപേക്ഷകൾ | |
| സംസ്ഥാന സർവ്വീസ് | 38 | 51,449 | ഇല്ല | ഇല്ല | 51,487 |
| സബോർഡിനേറ്റ് സർവ്വീസ് | 37 | 1,39,961 | 26 | 1,41,193 | 2,81,225 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 2 | 33,919 | ഇല്ല | ഇല്ല | 33,921 |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല | ഇല്ല | 4 | 4 |
| ആകെ | **77** | **2,25,337** | **26** | **1,41,197** | **3,66,637** |




## പ്രത്യേക തെരഞ്ഞെടുപ്പ് – നിയമന ശിപാർശകൾ


പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടത്തിയ നിയമന ശിപാർശകളുടെ വിശദാംശം അനുബന്ധം 14 - ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പ്രത്യേക തെരഞ്ഞെടുപ്പ് – നിയമന ശിപാർശ കൾ

| സേവനവിഭാഗം | സംസ്ഥാന തലം | | | | ജില്ലാതലം | | | |
|---|---|---|---|---|---|---|---|---|
| | പട്ടികജാതി | | പട്ടികവർഗ്ഗം | | പട്ടികജാതി | | പട്ടികവർഗ്ഗം | |
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| സംസ്ഥാന | 8 | 11 | 21 | 31 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| സർവ്വീസ് | | | | | | | | |
| സബോർഡിനേറ്റ് സർവ്വീസ് | 31 | 23 | 26 | 29 | 27 | 28 | 25 | 16 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 5 | 2 | 24 | 12 | 9 | 6 | 1 | ഇല്ല |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | **44** | **36** | **71** | **72** | **36** | **34** | **26** | **16** |

## പ്രത്യേക തെരഞ്ഞെടുപ്പ് – നിയമന ശിപാർശകൾ





35 തസ്തികകളിലേക്കുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥി കളുടെ അഭാവമുണ്ടായിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ തസ്തികകൾ പുനഃവിജ്ഞാപനം ചെയ്യു ന്നു. യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവംമൂലം നിയമനശിപാർശ നൽകാൻ കഴിയാതിരുന്ന തസ്തികകൾ അനുബന്ധം **16** - ൽ വിശദമാക്കിയിട്ടുണ്ട്.

## അദ്ധ്യായം– 12
## പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കും തെരഞ്ഞെടുപ്പിൽ നൽകി വരുന്ന സംവരണ ഊഴങ്ങളുടെ ശതമാനകണക്ക്

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങൾക്കും നിയമനങ്ങളിൽ നൽകി വരുന്ന സംവരണ ഊഴങ്ങളുടെ ശതമാനക്കണക്ക് താഴെ പട്ടികയിൽ.

| സംവരണ വിഭാഗം | ശതമാനം % | |
|---|---|---|
| | ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുന്ന തസ്തികകൾ | ലാസ്റ്റ് ഗ്രേഡിതര വിഭാഗത്തിൽ ഉൾപ്പെടുന്ന തസ്തികകൾ |
| ഈഴവ | 11 | 14 |
| പട്ടികജാതി | 8 | 8 |
| പട്ടികവർഗ്ഗം | 2 | 2 |
| മുസ്ലീം | 10 | 12 |
| ലത്തീൻ കത്തോലിക്കർ /ആംഗ്ലോ ഇൻഡ്യൻ | 4 | 4 |
| മറ്റ് പിന്നാക്ക വിഭാഗം | 6 | 3 |
| വിശ്വകർമ്മ | 2 | 3 |
| ധീവര | 2 | 1 |
| എസ്.ഐ.യു.സി നാടാർ | 2 | 1 |
| ഹിന്ദു നാടാർ | 1 | 1 |
| മറ്റ്ക്രിസ്ത്യാനികൾ | 2 | 1 |




## അദ്ധ്യായം- 13

## മേഖലാ ആഫീസുകൾ

ജോയിന്റ് സെക്രട്ടറി തലത്തിലുള്ള മേഖലാ ആഫീസറുടെ കീഴിൽ ഒരു അണ്ടർസെക്രട്ടറി, മൂന്ന് സെക്ഷൻ ആഫീസർമാർ എന്നിവരുൾപ്പെടുന്ന ഭരണ വിഭാഗം കൈകാര്യം ചെയ്യുന്ന 3 മേഖലാ ആഫീസുകൾ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. അന്വേഷണ വിഭാഗം

എൻക്വയറി ഓഫീസറുടെ കീഴിലും ഫെയർ കോപ്പി സെക്ഷൻ ആഫീസ് സൂപ്രണ്ടിന്റെ കീഴിലും പ്രവർത്തിക്കുന്നു.

കേരള സംസ്ഥാന ഗ്രാമ വികസന വകുപ്പിലേയും തൃശ്ശൂർ ജില്ലയിലേയും മറ്റ് വടക്കൻ ജില്ലകളിലേയും വികസന അതോറിട്ടികളിലേയും വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകൾ കോഴിക്കോട് മേഖലാ ആഫീസിൽ നിർവഹിക്കുന്നു. മുൻസിപ്പൽ കോമൺ സർവീസ് വിശാല കൊച്ചി വികസന അതോറിട്ടി എന്നിവയിലെ വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകൾ എറണാകുളം മേഖലാ ആഫീസിൽ നിർവഹിക്കുന്നു. തിരുവനന്തപുരം, ഇടുക്കി വികസന അതോറിറ്റികളിലെയും, കൊല്ലം മേഖലക്ക് കീഴിൽ വരുന്ന മറ്റ് വികസന അതോറിറ്റികളിലെയും വിവിധ തസ്തികകളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ കൊല്ലം മേഖലാ ആഫീസിൽ കൈകാര്യം ചെയ്യുന്നു.

ജോലി ക്രമീകരണത്തിനായി ജില്ലാ ആഫീസുകളെ താഴെ പറയും പ്രകാരം മേഖലകളായി തിരിച്ചിരിക്കുന്നു.

| മേഖല | ജില്ലകൾ |
|---|---|
| കോഴിക്കോട് (ഉത്തരമേഖല) | വയനാട്, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, |
| എറണാകുളം (മദ്ധ്യമേഖല) | പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, ഇടുക്കി |
| കൊല്ലം(ദക്ഷിണമേഖല) | തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം |

## അദ്ധ്യായം- 14
## ജില്ലാ ആഫീസുകൾ

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 14 ജില്ലകളിലും ജില്ലാ ആഫീസുകളുണ്ട്. ഇടുക്കി ജില്ലാ ആഫീസ് ഒഴികെയുള്ളവ അതത് ജില്ലാ ആസ്ഥാനങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇടുക്കി ജില്ലാ ആഫീസ് പ്രവർത്തിക്കുന്നത് കട്ടപ്പനയിലാണ്.

### ഘടനാ സംവിധാനം


ഡെപ്യൂട്ടി സെക്രട്ടറി തലത്തിലുള്ള ജില്ലാ ആഫീസറുടെ കീഴിൽ ഓരോ ജില്ലാ ആഫീസും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലാ ആഫീസിൽ 3 അണ്ടർസെക്രട്ടറിമാരും ബാക്കി ജില്ലാ ആഫീസുകളിൽ 2 വീതം അണ്ടർ സെക്രട്ടറിമാരും ജോലി നോക്കി വരുന്നു. കൊല്ലം, തൃശ്ശൂർ, കോഴിക്കോട്,പാലക്കാട്, ആലപ്പുഴ, കോട്ടയം ജില്ലാ ആഫീസുകളിൽ 6 സെക്ഷൻ ആഫീസർമാരുടെ കീഴിലായി 6 സെക്ഷനുകൾ പ്രവർത്തിച്ചു വരുന്നു. കാസർഗോഡ്, വയനാട്, ഇടുക്കി, പത്തനംതിട്ട ജില്ലാ ആഫീസുകളിൽ 5 സെക്ഷൻ ആഫീസർമാരുടെ കീഴിൽ 5 സെക്ഷനുകൾ വീതവും പ്രവർത്തിക്കുന്നു. തിരുവനന്തപുരം ജില്ലാ ആഫീസിൽ 9 സെക്ഷൻ ആഫീസർമാരുടെ ചുമതലയിൽ 9 സെക്ഷനുകളും എറണാകുളം, കണ്ണൂർ, മലപ്പുറം ജില്ലാ ആഫീസിൽ 7 സെക്ഷൻ ആഫീസർമാരുടെ കീഴിൽ 7 സെക്ഷനുകളും പ്രവർത്തിക്കുന്നു. പൊതു ജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ കൈമാറുന്നതിനായി എല്ലാ ആഫീസിലും ഓരോ അന്വേഷണ വിഭാഗവും പ്രവർത്തിച്ചു വരുന്നു.

## വിജ്ഞാപനങ്ങൾ

ജില്ലാതല നിയമനങ്ങൾക്കായി പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 3 - ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### വിജ്ഞാപനം ചെയ്ത തസ്തികകൾ- ജില്ലാതലം

| ക്ര നം | ജില്ല | ജനറൽ റിക്രൂട്ട്മെന്റ് | | | സ്പെഷ്യൽ റിക്രൂട്ട്മെന്റ് | | |
|---|---|---|---|---|---|---|---|
| | | സബോർഡിനേറ്റ് സർവീസ് | കമ്പനികൾ, കോർപറേഷൻ ബോർഡുകൾ | സഹകരണ സ്ഥാപനങ്ങൾ | സബോർഡിനേറ്റ് സർവീസ് | കമ്പനികൾ/ കോർപറേഷൻ ബോർഡുകൾ | സഹകരണ സ്ഥാപനങ്ങൾ |
| 1 | തിരുവനന്തപുരം | 35 | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല |
| 2 | കൊല്ലം | 20 | 1 | 6 | 4 | ഇല്ല | ഇല്ല |
| 3 | പത്തനംതിട്ട | 18 | 1 | 8 | 2 | ഇല്ല | ഇല്ല |
| 4 | ആലപ്പുഴ | 22 | 1 | 7 | 1 | ഇല്ല | ഇല്ല |
| 5 | കോട്ടയം | 16 | ഇല്ല | 1 | 3 | ഇല്ല | ഇല്ല |
| 6 | ഇടുക്കി | 32 | ഇല്ല | 8 | 2 | ഇല്ല | ഇല്ല |
| 7 | എറണാകുളം | 45 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8 | തൃശ്ശൂർ | 37 | 1 | 3 | 6 | ഇല്ല | 2 |
| 9 | പാലക്കാട് | 34 | 1 | 11 | 1 | ഇല്ല | ഇല്ല |
| 10 | മലപ്പുറം | 61 | 1 | 10 | 2 | ഇല്ല | ഇല്ല |
| 11 | കോഴിക്കോട് | 43 | 1 | 16 | ഇല്ല | ഇല്ല | ഇല്ല |
| 12 | വയനാട് | 27 | ഇല്ല | 10 | 2 | ഇല്ല | ഇല്ല |
| 13 | കണ്ണൂർ | 48 | 1 | 5 | ഇല്ല | ഇല്ല | ഇല്ല |
| 14 | കാസർഗോഡ് | 41 | 1 | 8 | 1 | ഇല്ല | ഇല്ല |
| | ആകെ | **479** | **10** | **93** | **26** | ഇല്ല | **2** |




# വിജ്ഞാപനം ചെയ്ത തസ്തികകൾ- ജില്ലാതലം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ)

## ലഭ്യമായ അപേക്ഷകളുടെ ജില്ലതിരിച്ചുള്ള കണക്ക്

| ക്രമ നമ്പർ | ജില്ല | ജനറൽ റിക്രൂട്ട്മെന്റ് | | | | | | സ്പെഷ്യൽ റിക്രൂട്ട്മെന്റ് | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | സബോർഡിനേറ്റ് സർവീസ് | | കമ്പനികൾ/ കോർപ/ ബോർഡുകൾ | | സ ഹ: സ്ഥാപനങ്ങൾ | | സബോർഡിനേറ്റ് സർവീസ് | | കമ്പനികൾ/ കോർപ/ ബോർഡുകൾ | | |
| | | തസ്തിക | അപേക്ഷകൾ | തസ്തിക | അപേക്ഷകൾ | തസ്തിക | അപേക്ഷകൾ | തസ്തിക | അപേക്ഷകൾ | തസ്തിക | അപേക്ഷകൾ | |
| 1 | തിരുവനന്തപുരം | 35 | 241837 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 8617 | ഇല്ല | ഇല്ല | 250454 |
| 2 | കൊല്ലം | 20 | 21080 | 1 | 33988 | 6 | 16228 | 4 | 3687 | ഇല്ല | ഇല്ല | 74983 |
| 3 | പത്തനംതിട്ട | 18 | 62632 | 1 | 14403 | 8 | 8 | 2 | 3471 | ഇല്ല | ഇല്ല | 80514 |
| 4 | ആലപ്പുഴ | 22 | 18899 | 1 | 26748 | 7 | 30 | 1 | 7298 | ഇല്ല | ഇല്ല | 52975 |
| 5 | കോട്ടയം | 16 | 111658 | ഇല്ല | ഇല്ല | 1 | ഇല്ല | 3 | 6261 | ഇല്ല | ഇല്ല | 117919 |
| 6 | ഇടുക്കി | 32 | 98681 | ഇല്ല | ഇല്ല | 8 | 7 | 2 | 4764 | ഇല്ല | ഇല്ല | 103452 |
| 7 | എറണാകുളം | 45 | 322916 | 1 | 43842 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 366758 |
| 8 | തൃശ്ശൂർ | 37 | 60104 | 1 | 28066 | 3 | 6 | 6 | 61327 | 2 | 4 | 149507 |
| 9 | പാലക്കാട് | 34 | 57760 | 1 | 35293 | 11 | 4 | 1 | 11361 | ഇല്ല | ഇല്ല | 104418 |
| 10 | മലപ്പുറം | 61 | 193626 | 1 | 28315 | 10 | 11 | 2 | 775 | ഇല്ല | ഇല്ല | 222727 |
| 11 | കോഴിക്കോട് | 43 | 67273 | 1 | 34898 | 16 | 36868 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 139039 |
| 12 | വയനാട് | 27 | 94816 | ഇല്ല | ഇല്ല | 10 | 5856 | 2 | 26747 | ഇല്ല | ഇല്ല | 127419 |
| 13 | കണ്ണൂർ | 48 | 50816 | 1 | 28758 | 5 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 79576 |
| 14 | കാസർഗോഡ് | 41 | 236774 | 1 | 14711 | 8 | 3192 | 1 | 7885 | ഇല്ല | ഇല്ല | 262562 |
| | ആകെ | **479** | **1638872** | **10** | **289022** | **93** | **62212** | **26** | **142193** | **2** | **4** | **2132303** |

ആകെ തസ്തികകൾ : **610**

ലഭ്യമായ ആകെ അപേക്ഷകൾ : **21,32,303**




ജില്ലാ തലത്തിൽ ലഭിച്ച അപേക്ഷകൾ

## പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകകൾ

ജില്ലാതല തെരഞ്ഞെടുപ്പുകൾക്കായി പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകളുടെ വിശദാംശങ്ങൾ അനുബന്ധം 9 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## റിപ്പോർട്ട് കാലയളവിന്റെ ഒടുക്കം നിലവിലുള്ള റാങ്ക് പട്ടികകൾ

റിപ്പോർട്ട് കാലയളവിൽ നിലവിലുള്ള റാങ്ക് പട്ടികയുടെ വിശദാംശങ്ങൾ അനുബന്ധം 10 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കാലാവധി തീർന്നതും റദ്ദായതുമായ റാങ്ക് പട്ടികകൾ

ജില്ലാ ആഫീസുകളിൽ നിലവിലുണ്ടായിരുന്നതും റിപ്പോർട്ട് കാലയളവിൽ കാലാവധി തീർന്നതോ റദ്ദായതോ ആയതുമായ റാങ്ക് പട്ടികകളുടെ വിശദാംശങ്ങൾ അനുബന്ധം 11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.


## നിയമന ശിപാർശകൾ

റിപ്പോർട്ട് കാലയളവിൽ വിവിധ ജില്ലാ ആഫീസുകളിൽ നിന്നും നൽകിയ ശിപാർശകളുടെ വിശദാംശം അനുബന്ധം 13 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ.

### ജില്ലാ ആഫീസിൽ നിന്നും നൽകിയ നിയമന ശിപാർശകൾ (ജനറൽ റിക്രൂട്ട്മെന്റ്)

| ക്രമനമ്പർ | ജില്ല | തസ്തികകൾ | നിയമനശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 67 | 1932 |
| 2 | കൊല്ലം | 52 | 1388 |
| 3 | പത്തനംതിട്ട | 49 | 1296 |
| 4 | ആലപ്പുഴ | 49 | 982 |
| 5 | കോട്ടയം | 42 | 719 |
| 6 | ഇടുക്കി | 45 | 1362 |
| 7 | എറണാകുളം | 64 | 1898 |
| 8 | തൃശ്ശൂർ | 77 | 1298 |
| 9 | പാലക്കാട് | 42 | 1060 |
| 10 | മലപ്പുറം | 43 | 1418 |
| 11 | കോഴിക്കോട് | 61 | 896 |
| 12 | വയനാട് | 44 | 504 |
| 13 | കണ്ണൂർ | 40 | 975 |
| 14 | കാസർഗോഡ് | 54 | 1282 |
| | **ആകെ** | **729** | **17010** |

## ജില്ലാ ആഫീസിൽ നിന്നും നൽകിയ നിയമന ശിപാർശകൾ(ജനറൽ റിക്രൂട്ട്മെന്റ്)




# അദ്ധ്യായം- 15
# തെരഞ്ഞെടുപ്പ്- പൊതുവിവരങ്ങൾ

## യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവം

ജനറൽ റിക്രൂട്ട്മെന്റിൽ 22 തസ്തികകളിൽ വിവിധ സംവരണ സമുദായങ്ങളിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവമുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള തസ്തികകളുടെ വിശദാംശം അനുബന്ധം **16** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കമ്മീഷൻ നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളിൽ നിയമനം വൈകിയവ

റിപ്പോർട്ട് കാലയളവിൽ നിയമനം വൈകിയ 8 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (അനുബന്ധം 17 )

## റിപ്പോർട്ട് ചെയ്ത ഒഴിവുകൾ റദ്ദാക്കിയവ

കമ്മീഷനിൽ ഒഴിവുകൾ എഴുതി അറിയിക്കുകയും എന്നാൽ പിന്നീട് റദ്ദ് ചെയ്തതുമായ തസ്തികകൾ ഒന്നും തന്നെയില്ല .(അനുബന്ധം 15)

# അദ്ധ്യായം– 16
# വകുപ്പുതല പരീക്ഷകൾ

## വകുപ്പുതല പരീക്ഷകളുടെ നടത്തിപ്പ്

ജൂലൈ 2015 ലെ വകുപ്പുതല പരീക്ഷകൾ 30.07.2015 മുതൽ 19.08.2015 വരെയും, ജനുവരി 2016 ലെ വകുപ്പുതല പരീക്ഷകൾ 30.01.2016 മുതൽ 18.02.2016 വരെയുമാണ് നടത്തിയത്. വകുപ്പുതല പരീക്ഷയിലെ വിവിധ പരീക്ഷകളുടെയും, പേപ്പറുകളുടെയും അഡ്മിറ്റ് ചെയ്ത ഉദ്യോഗാർത്ഥികളുടെയും പരീക്ഷാ കേന്ദ്രങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം 26-A യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധ സ്പെഷ്യൽ പരീക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധം 26-B യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഫലപ്രഖ്യാപനം

ജൂലൈ 2015-ലെ വകുപ്പുതലപരീക്ഷയുടെ ഫലം 05.11.2015-ലും ജനുവരി 2016-ലെ വകുപ്പുതലപരീക്ഷയുടെ ഫലം 04.05.2016 ലും പ്രസിദ്ധീകരിച്ചു. വിവിധ വകുപ്പുതല പരീക്ഷാഫലങ്ങളുടെ വിശദാംശം അനുബന്ധം 27-A യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്പെഷ്യൽ ടെസ്റ്റുകളുടെ ഫലത്തിന്റെ വിശദാംശം അനുബന്ധം 27-B യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തൊട്ടാകെ 71 കേന്ദ്രങ്ങളിലായി 113 (22 സ്പെഷ്യൽ ടെസ്റ്റുകൾ ഉൾപ്പെടെ) വകുപ്പുതല പ രീക്ഷൾ നടത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം 27-C യിൽ. ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് സർവീസിലുള്ള ജൂനിയർ മെമ്പർമാർക്കുള്ള വകുപ്പുതല പരീക്ഷകളും തദർത്ഥമായ (Ad-hoc) പരീക്ഷകളും റിപ്പോർട്ട് കാലയളവിൽ നടത്തിയിട്ടുണ്ട്. ഫല പ്രഖ്യാപനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 27-B യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പുനഃപരിശോധന

റിപ്പോർട്ട് കാലയളവിൽ ഉത്തരക്കടലാസിന്റെ പുനഃപരിശോധനയ്ക്കായി **237** അപേക്ഷകൾ ലഭിച്ചു (ജനുവരി 2015 ലെ പരീക്ഷ 81 അപേക്ഷകൾ, ജൂലൈ 2015 പരീക്ഷ 156 അപേക്ഷകൾ). പുനഃപരിശോധനയിലൂടെ ഒരാളും പരീക്ഷ വിജയിച്ചില്ല.

## വകുപ്പുതല പരീക്ഷകളുടെ സർട്ടിഫിക്കറ്റ് വിതരണം

റിപ്പോർട്ട് കാലയളവിൽ വകുപ്പുതല പരീക്ഷകളുടെ സർട്ടിഫിക്കറ്റിനായി **16246** അപേക്ഷകൾ ലഭിച്ചു. **4364** അപേക്ഷകൾ റിപ്പോർട്ട് കാലയളവിന്റെ തുടക്കത്തിൽ തീർപ്പ് കല്പിക്കാനുണ്ടായിരുന്നു. റിപ്പോർട്ട് കാലയളവിൽ **18957** സർട്ടിഫിക്കറ്റുകൾ നല്കി. റിപ്പോർട്ട് കാലാവധിയുടെ അവസാനം തീർപ്പ് കല്പിക്കാനുള്ള അപേക്ഷകളുടെ എണ്ണം **1653** ആണ്.

## അദ്ധ്യായം- 17
## വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനോ, മെമ്പറോ ഉൾപ്പെടുന്ന വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ ശിപാർശയോടെ മാത്രമേ എല്ലാ വകുപ്പുകളിലേയും ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം പ്രാബല്യത്തിലാകൂ. വിവിധ വകുപ്പുകളിലായി വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ കീഴിൽ 341 കൂടിച്ചേരലുകൾ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ പുതിയ ഒരു വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയും കൂടിയിട്ടില്ല. വിശദാംശങ്ങൾ അനുബന്ധം 28 -ൽ ഉ ൾപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം- 18
## സംസ്ഥാന സർവീസും, സബോർഡിനേറ്റ് സർവീസുമായി ബന്ധപ്പെട്ട നിയമങ്ങളും മറ്റ് ബന്ധപ്പെട്ട നിർദ്ദേശങ്ങളും

ഇന്ത്യൻ ഭരണഘടനയുടെ 320 (3) (എ) (ബി) ആർട്ടിക്കിൾ പ്രകാരം, സംസ്ഥാന, സബോർഡിനേറ്റ് സർവ്വീസിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും, ടി തസ്തികകളിലേക്കുള്ള നിയമന നടപടികളിൽ സ്വീകരിക്കേണ്ട തത്വങ്ങളിലും, സ്ഥാനക്കയറ്റം സംബന്ധമായ വിഷയങ്ങളിലും, താഴ്ന്ന തസ്തികകളിൽ നിന്നും മറ്റ് സർവ്വീസിൽ നിന്നുമുള്ള തസ്തിക മാറ്റം, സ്ഥലം മാറ്റം സംബന്ധമായ വിഷയങ്ങളിലും സർക്കാരിനെ ഉപദേശിക്കുകയെന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രധാന ചുമതലകളാണ്.

### സർക്കാർ സേവനവുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ

സംസ്ഥാന/സബോർഡിനേറ്റ് സർവീസുമായി ബന്ധപ്പെട്ട ചട്ട രൂപീകരണ ത്തിനുള്ള 13 നിർദ്ദേശങ്ങളിൽ റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ തീർപ്പ് കല്പിക്കാ നുണ്ടായിരുന്നു. റിപ്പോർട്ട് കാലയളവി ൽ 2 പ്രൊപോസലുകൾ സർക്കാരിൽ നിന്നും ലഭിച്ചിട്ടു ണ്ട് സംസ്ഥാന സബോർഡിനേറ്റ് സേവനവുമായി ബന്ധപ്പെട്ട് 3 ചട്ടങ്ങളിൽ കമ്മീഷൻ സർക്കാരിന് ഉപദേശം നല്കിയിട്ടുണ്ട്.

a. ചട്ട രൂപീകരണത്തിനുള്ള വർഷത്തിന്റെ ആദ്യം നിലവിലുണ്ടായിരുന്ന നിർദ്ദേശങ്ങൾ : 13

b. ചട്ടരൂപീകരണത്തിനായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദ്ദേശങ്ങൾ : 2

c. ചട്ടങ്ങൾക്ക മേൽ ഉപദേശം നൽകിയവ : 3

### നിയമഭേദഗതികൾ.

സംസ്ഥാന/സബോർഡിനേറ്റ് സർവീസുമായി ബന്ധപ്പെട്ട് 18 വിഷയങ്ങളിൽ നിയമ ഭേദഗതിക്കുള്ള നിർദ്ദേശങ്ങളിൽ റിപ്പോർട്ട് കാലയളവിന്റെ തുടക്കത്തിൽ തീർപ്പ് കല്പിക്കാനുണ്ടായിരുന്നു. റിപ്പോർട്ട് കാലയളവിൽ 53 വിഷയങ്ങളിൽ നിയമഭേദഗതിക്കായുള്ള നിർദ്ദേശം സർക്കാരിൽ നിന്നും

ലഭിച്ചിട്ടുണ്ട്. 51 വിഷയങ്ങളിൽ നിയമ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. 26 വിഷയങ്ങളിൽ ഇനിയും സ്പെഷ്യൽ റൂളുകൾ ലഭ്യമാകേണ്ടതുണ്ട്.

നിയമ ഭേദഗതികൾ സംബന്ധിച്ച് നൽകിയ ഉപദേശങ്ങൾ – അനുബന്ധം 29 കാണുക

## യോഗ്യതകളുടെ അംഗീകാരം

റിപ്പോർട്ട് വർഷത്തിന്റെ ആദ്യം യോഗ്യതകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ **ഒന്നും അവശേഷിച്ചിരുന്നില്ല.** യോഗ്യതകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ **ഒന്നും** റിപ്പോർട്ട് കാലയളവിൽ ലഭി **ച്ചിട്ടില്ല.**

സംസ്ഥാന സർവീസുകളെ സംബന്ധിച്ച ചട്ട ഭേദഗതികൾക്കായി ലഭിച്ച നിർദ്ദേശങ്ങൾ : 53

റിപ്പോർട്ട് വർഷം നിർദ്ദേശം നൽകിയവ : 51

സ്പെഷ്യൽ റൂളുകൾ ലഭിക്കാനുള്ള വിഷയങ്ങൾ : 26

റിപ്പോർട്ട് വർഷത്തിന്റെ തുടക്കത്തിൽ യോഗ്യതകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടവ : ഇല്ല

റിപ്പോർട്ട് വർഷത്തിന്റെ തുടക്കത്തിൽ യോഗ്യതകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സ്വീകരിച്ചവ : ഇല്ല

സ്പെഷ്യൽ റൂളുകൾ ലഭിക്കാനുള്ളവ : 3

### തെരഞ്ഞെടുപ്പ് ചട്ടങ്ങളും യോഗ്യതകളുടെ അംഗീകാരവും മറ്റ് അനാമത്ത് പരാമർശങ്ങളും സംബന്ധിച്ച നിയമോപദേശങ്ങളും നിയമ ഭേദഗതികളും സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം | വകുപ്പ് | തസ്തിക |
|---|---|---|
| 1 | കൃഷി | കേരള സംസ്ഥാന കാർഷിക നിയമങ്ങൾ - നിയമ നിർമ്മാണം സംബന്ധിച്ച് - നിയമോപദേശം 04.07.2015 ൽ നൽകി. |
| 2 | കൃഷി, മണ്ണ് സർവേ & മണ്ണ് സംരക്ഷണ വകുപ്പ് | ജോയിന്റ് ഡയറക്ടർ / പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റ് - പദവി ഉയർത്തൽ - ഭേദഗതി സംബന്ധിച്ച് - നിയമോപദേശം 12.08.2015 ൽ നൽകി. |
| 3 | ക്ഷീര വികസന വകുപ്പ് | ഡയറി ഡവലപ്മെന്റ് ഓഫീസർ - തസ്തികമാറ്റം വഴി - യോഗ്യതയുടെ സ്വീകാര്യത് സംബന്ധിച്ച് നിയമോപദേശം 15.05.2015 ൽ നൽകി. |

| | | |
|---|---|---|
| 4 | ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് | ശ്രീമതി.ലീമ.റ്റി എന്ന ഉദ്യോഗാർത്ഥിക്ക് മാനുഷിക പരിഗണന നല്കി HSST(Jr.) History തസ്തികയിൽ നിയമനം നല്കുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 14.05.2015 ൽ നൽകി. |
| 5 | കൃഷി വകുപ്പ് | കൃഷി ഓഫീസർ തസ്തികയുടെ 13% ഒഴിവുകളിൽ കൃഷി അസിസ്റ്റന്റുമാർക്ക് നിയമനം നല്കുന്നതിന് നടത്തുന്ന അർഹതാ നിർണ്ണയ പരീക്ഷ സംബന്ധിച്ച്.<br>നിയമോപദേശം 06.07.2015 ൽ നൽകി. |
| 6 | സാമൂഹ്യ നീതി വകുപ്പ് | വെൽഫയർ ഇൻസ്റ്റിറ്റൂഷൻ ഗ്രേഡ് II – കൂടുതൽ കാറ്റഗറി ഒഴിവാക്കുന്നതിന് ഭേദഗതി സംബന്ധിച്ച് -<br>നിയമോപദേശം 10.08.2015 ൽ നൽകി. |
| 7 | കൃഷി വകുപ്പ് | അഗ്രിക്കൾച്ചർ അസിസ്റ്റന്റ് തസ്തിക - തസ്തികമാറ്റം വഴിയുള്ള നിയമനം - കായികശേഷി പരിശോധിക്കു ന്നതിന് എൻഡ്യുറൻസ് ടെസ്റ്റ് നടത്തുന്നതു സംബന്ധിച്ച്.<br>നിയമോപദേശം 24.11.2015 ൽ നൽകി. |
| 8 | പൊതുവിദ്യാഭ്യാസ വകുപ്പ് | കാഴ്ചവൈകല്യമുള്ള ശ്രീ. ബാബുരാജൻ. വി.ജി യ്ക്ക് മാനുഷിക പരിഗണന നല്കി HSST പൊളിറ്റിക്കൽ സയൻസ് തസ്തികയിൽ നിയമനം നല്കുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 12.08.2015 ൽ നൽകി. |
| 9 | വനം, വന്യജീവി വകുപ്പ് | ഫോറസ്റ്റ് ഗാർഡായി ജോലിയിൽ പ്രവേശിച്ചതിനു ശേഷം ജോലി രാജിവച്ചുപോയ ശ്രീ. പി.എച്ച്. രാജേഷിനെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കു ന്നത് സംബന്ധിച്ച്.<br>നിയമോപദേശം 17.10.2015 ൽ നൽകി. |
| 10 | മൃഗസംരക്ഷണ വകുപ്പ് | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II – PH മാരുടെ ഒഴിവുകൾ ഓപ്പൺ ക്വാട്ടയിൽ നിന്നും നികത്തുന്നവിധം സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 18.12.2015 ൽ നൽകി. |
| 11 | സാമൂഹ്യനീതി വകുപ്പ് | വിമൻ പ്രൊട്ടക്ഷൻ ഓഫീസർ തസ്തിക -പ്രൊമോഷൻ ചാനലുകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 18.12.2015 ൽ നൽകി. |

| | | |
|---|---|---|
| 12 | വനം, വന്യജീവി വകുപ്പ് | ബീറ്റ് ഫോറസ്റ്റ് ഓഫീസർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിൽ ഗർഭിണികളായ വനിതകൾക്ക് കായികക്ഷമതാ പരീക്ഷയിൽ വീണ്ടും അവസരം നല്കുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 07.11.2015 ൽ നൽകി. |
| 13 | വനം, വന്യജീവി വകുപ്പ് | റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ തെരഞ്ഞെടുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ത്തിൽ പ്പെട്ടവർക്ക് ശാരീരിക യോഗ്യതകളിൽ ഇളവ് നല്കി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 22.03.2016 ൽ നൽകി. |
| 14 | മൃഗസംരക്ഷണ വകുപ്പ് | കേരള മൃഗസംരക്ഷണ വകുപ്പ് - സബോർഡിനേറ്റ് സർവ്വീസ് റൂളിന്റെ സ്പെഷ്യൽ റൂൾ ഭേദഗതി - ചിക് സെക്സർ, റഫ്രിജറേഷൻ മെക്കാനിക്ക് യോഗ്യതകൾ സംബന്ധിച്ച് -<br>നിയമോപദേശം 27.01.2015 ൽ നൽകി. |
| 15 | സാമൂഹ്യനീതി വകുപ്പ് | റാങ്കുലിസ്റ്റിലുൾപ്പെട്ട അംഗപരിമിതന് നിയമനം നല്കുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 30.10.2015 ൽ നൽകി. |
| 16 | സാമൂഹ്യനീതി വകുപ്പ് | ശ്രവണവൈകല്യമുള്ളവരെ സഹായിക്കുന്നതിന് ആംഗ്യഭാഷാപരിഭാഷകരുടെ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 30.12.2015 ൽ നൽകി. |
| 17 | ഭൂജല വകുപ്പ് | ട്രാക്ടർ ഡ്രൈവർ തസ്തിക - സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 15.02.2016 ൽ നൽകി. |
| 18 | കായികയുവജനകാര്യ വകുപ്പ് | 35- mw ദേശീയ ഗെയിംസിൽ പങ്കെടുത്ത കായികതാരങ്ങൾക്ക് അധികമാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 06.02.2016 ൽ നൽകി. |
| 19 | സാമൂഹ്യനീതി വകുപ്പ് | പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളുടെ പേര് പുനർ നാമകരണം ചെയ്യുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 22.03.2016 ൽ നൽകി. |
| 20 | പൊതുവിദ്യാഭ്യാസ വകുപ്പ് | കാഴ്ച വൈകല്യമുള്ള ശ്രീ. ബാബുരാജിന് മാനുഷിക പരിഗണന നല്കി നിയമനം നല്കുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 19.02.2016 ൽ നൽകി. |

| | | |
|---|---|---|
| 21 | സാമൂഹ്യനീതി വകുപ്പ് | വിമൻ പ്രൊട്ടക്ഷൻ ഓഫീസർ തസ്തിക - ഫീഡർ കാറ്റഗറികൾ ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 30.03.2016 ൽ നൽകി. |
| 22 | വ്യവസായ പരിശീലന വകുപ്പ് | സർക്കാർ നിർത്തലാക്കിയ ഫോർജർ & ഹീറ്റ് ട്രീറ്റർ ട്രേഡിൽ നിയമിച്ച ഉദ്യോഗാർത്ഥിയെ പ്ലംബർ ട്രേഡിൽ നിയമിക്കുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 18.02.2016 ൽ നൽകി. |
| 23 | ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II/കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് II – യോഗ്യതകളുടെ സ്വീകാര്യത സംബന്ധിച്ച്.<br>നിയമോപദേശം 05.01.2016 ൽ നൽകി. |
| 24 | തദ്ദേശ സ്വയം ഭരണ വകുപ്പ് | AHADS ൽ ജോലി ചെയ്തിരുന്ന SC വിഭാഗം ജീവനക്കാർക്ക് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സ്ഥിരനിയമനം നല്കുന്നതു സംബന്ധിച്ച്.<br>നിയമോപദേശം 31.12.2015 ൽ നൽകി. |
| 25 | വ്യവസായ പരിശീലന വകുപ്പ് | വ്യവസായ പരിശീലന വകുപ്പ് മെക്കാനിക് ട്രാക്ടർ ട്രേഡിലെ NTC/STC സർട്ടിഫിക്കറ്റ് യോഗ്യത യാക്കാവുന്ന തസ്തികകൾക്ക് മെക്കാനിക്കൽ അഗ്രിക്കൾച്ചർ മെഷനറി ട്രേഡിലെ NTC/STC സർട്ടിഫിക്കറ്റ് പകരം യോഗ്യതയായി പരിഗണിക്കുന്നത് സംബന്ധിച്ച്.<br>നിയമോപദേശം 18.10.2015 ൽ നൽകി. |
| 26 | A V(3)2657/15/GW<br>LPSA കന്നഡ NCA – LC/AI | സബ് കമ്മിറ്റി നിർദ്ദേശം അം ഗീകരിച്ചു<br><br>തീരുമാനം No.44 dtd 27.04.2015 |
| 27 | A V(3)1259/15/GW<br>ഓഫീസ് സൂപ്രണ്ടുമാരുടെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച്. | ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ പറയുംപ്രകാരം മാത്രം പാലിക്കാവുന്നതാണ്.<br>തീരുമാനം No.34 dtd 27.04.2015 |
| 28 | A V(3)2177/15/GW<br>വിമുക്തഭടന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് സ്ഥലംമാറ്റ ചട്ടങ്ങൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച് | ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ പറയുംപ്രകാരം മാത്രം പാലിക്കാവുന്നതാണ്.<br><br>തീരുമാനം No.35 dtd 27.04.2015 |

| | | |
|---|---|---|
| 29 | A V(3) 42806/10/GW ഓൺലൈൻ അപേക്ഷാ രീതിയിലേയ്ക്ക് മാറുന്നതിനു വേണ്ടി KS&SSR ലെ പാർട്ട് II KS & SSR ചട്ടം 4 - പരിഷ്കരിക്കുന്നതു സംബന്ധിച്ച്. | സബ് കമ്മിറ്റി നിർദ്ദേശം അം ഗീകരിച്ചു റൂൾ 4 ന്റെ ഭേദഗതിക്ക് മുൻകാല പ്രാബല്യം നല്കുന്നതിനുള്ള കാരണം സർക്കാരിനെ അറിയിക്കാൻ തീരുമാനമായി. തീരുമാനം No.27 dtd 27.04.2015 |
| 30 | A V(3) 12395/14/GW പിന്നാക്ക സമുദായ ക്ഷേമ സമിതി - weightage mark ഒഴിവാക്കണം എന്ന നിർദ്ദേശം സംബന്ധിച്ച്. | സബ് കമ്മിറ്റി നിർദ്ദേശം അം ഗീകരിച്ചു തീരുമാനം No.33 dtd 27.04.2015 |
| 31 | A V(3) 20851/11/GW വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ച് | വിശദമായ ഗവണ്മെന്റ് ഉത്തരവ് അടക്കം അടുത്ത കമ്മീഷനിലേക്ക് മാറ്റി വച്ചു. തീരുമാനം No.42 dtd 27.04.2015 |
| 32 | A V(1) 10702/14/GW ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സംബന്ധിച്ച് | സർക്കാരിന്റെ നിർദ്ദേശത്തോടു വിയോജിക്കുവാൻ തീരുമാനിച്ചു. തീരുമാനം No.57 dtd 27.04.2015 |
| 33 | A V(1) 425/14/GW വനംവകുപ്പ്- ശ്രീ.T.R.സുരേഷിന്റെ തസ്തികമാറ്റം സംബന്ധിച്ച് | കമ്മീഷന്റെ മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നു. തീരുമാനം No.49 dtd 27.04.2015 |
| 34 | A V(1) 442/15/GW LSGD വകുപ്പ് - ശ്രീമതി.R.രശ്മിയുടെ എൽ.ഡി.ക്ലാർക്കായുള്ള നിയമനം - അംഗീകാരം സംബന്ധിച്ച് | സർക്കാർ നിർദ്ദേശത്തോട് വിയോജിക്കുവാൻ തീരുമാനിച്ചു. |
| 35 | A V(1) 11312/14/GW വ്യവസായ പരിശീലന വകുപ്പ് - രാജി വച്ചവരുടെ പുനർ നിയമനം സംബന്ധിച്ച് | കമ്മീഷൻ മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുവാൻ തീരുമാനിച്ചു. തീരമാനം No.38 dtd 27.04.2015 |

| | | |
|---|---|---|
| 36 | A V(1) 12353/14/GW<br>എൽ.ഡി.ടൈപ്പിസ്റ്റ് - വിവിധ വകുപ്പ് - സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച് | യോഗ്യത സംബന്ധിച്ച സർക്കാർ നിർദ്ദേശം അംഗീകരിച്ചു. എന്നാൽ പുനർ വിജ്ഞാപനം എന്ന സർക്കാർ നിർദ്ദേശം അംഗീകരിച്ചില്ല. കാരണം അത് ചട്ടവിരുദ്ധമാണ്. കമ്മീഷൻ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പ കളിൽ എൽ.ഡി.ടൈപ്പിസ്റ്റ്, ക്ലർക്ക് ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ക്ലർക്ക് തസ്തികകളിലേക്കുള്ള യോഗ്യത ഭേദഗതി താല്ക്കാലികമായി നിർത്തിവച്ച് ഉത്തരവായി.<br>തീരുമാനം No.17 dtd 15.06.2015 |
| 37 | A V(1) 3821/14/GW<br>എൽ.ഡി.സി - .വിവിധ വകുപ്പ്- യോഗ്യത – DCA സംബന്ധിച്ച് | LDC തസ്തികയ്ക്ക് DCA അധിക യോഗ്യതയായി നിർദ്ദേശിക്കരുത് എന്ന് തീരുമാനിച്ചു.<br>തീരുമാനം No.51 dtd 27.04.2015 |
| 38 | A V(1) 12935/14/GW<br>കേരള പൊതു സേവന വകുപ്പ് - വനം വന്യജീവി വകുപ്പ് - സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ഉൾപ്പെടുത്തൽ സംബന്ധിച്ച് | സർക്കാർ നിർദ്ദേശത്തോട് വിയോജിക്കുവാൻ തീരുമാനിച്ചു.<br>തീരുമാനം No.50 dtd 27.04.2015 |
| 39 | A V(2) 6654/13/GW<br>തസ്തികമാറ്റം - നിയമന ശിപാർശ വേളയിലും ഫീഡർ കാറ്റഗറിയിൽ തുടരണമോ എന്നതു സംബന്ധിച്ച്. | സർക്കാർ നിർദ്ദേശത്തോട് വിയോജിക്കുവാൻ തീരുമാനിച്ചു.<br>തീരുമാനം No.32 dtd 27.04.2015 |
| 40 | A V(3) 830/15/GW<br>വേലേശ്വരം AUP സ്കൂൾ ജീവനക്കാരെ ഗവണ്മെന്റ് സർവീസിലേക്ക് ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് | സർക്കാരിന്റെ നിർദ്ദേശത്തോട് യോജിക്കുന്നു. (സ്കൂളിലെ അധ്യാപക / അനധ്യാപക ജീവനക്കാരോടൊപ്പം Service ൽ അഞ്ചു വർഷം പൂർത്തിയാകാത്ത K. Jayan നെ വ്യവസ്ഥകൾക്കു വിധേയമായി absorb ചെയ്യുന്നതിനു തീരുമാനിച്ചു).<br>തീരുമാനം No.14 dtd 25.05.2015 |
| 41 | A V(2) 2376/14/GW<br>ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ - | KPSC Rules of Procedure - റൂൾ 13 – ആദ്യ ഉപനിയമം പരിശീലന കാലഘട്ടം സംബന്ധിച്ച clause ഒഴിവാക്കി ഭേദഗതി ചെയ്യാൻ സർക്കാരിൽ നിന്ന് അനുവാദം തേടാൻ തീരുമാനിച്ചു.<br>തീരുമാനം No.11 dtd 01.06.2015 |

| | | |
|---|---|---|
| 42 | A V(3)8175/14/GW സഹകരണ വകുപ്പിൽ നിന്ന് Class 4 ജീവനക്കാരനായി വിരമിച്ച ശ്രീ.ജ്ഞാനപ്പന് പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച് | സർക്കാരിലേക്ക് കത്ത് അയക്കാം. ജില്ലാ ആഫീസിൽ പ്രസ്തുത സർട്ടിഫിക്കറ്റിനെപ്പറ്റി വകുപ്പുതല അന്വേഷണം നടത്തണം. തീരുമാനം No.17 dtd 08.06.2015 |
| 43 | A V(2)10248/14/GW ദിവസ വേതന വ്യവസ്ഥയിൽ ജോലിചെയ്ത ശ്രീ. കെ. പവിത്രനെ ജോലിയിൽ സ്ഥിര പ്പെടുത്തുന്നതു സംബന്ധിച്ച്. | ശ്രീ. കെ. പവിത്രനെ ജോലിയിൽ സ്ഥിരപ്പെട്ട ത്തണമെന്നുള്ള സർക്കാർ നിർദ്ദേശത്തോടു വിയോജിക്കുന്നു. തീരുമാനം No.20 dtd 08.06.2015 |
| 44 | A V(1)2510/15/GW പോലീസ് ജീവനക്കാര്യം - പി.സി 6902 ശ്രീ. റോയിമോൻ. പി.സി യ്ക്ക് തസ്തികമാറ്റം നല്കുന്നത് - സംബന്ധിച്ച്. | ശ്രീ. പി.സി.റോയിമോന് മിനിസ്റ്റീരിയൽ സർവ്വീസിൽ സമാന ശമ്പളസ്കെയിലുള്ള തസ്തികയിലേക്ക് മാറ്റം നല്കാനുള്ള സബ് കമ്മിറ്റി തീരുമാനം അംഗീകരിച്ചു. തീരുമാനം No.20 dtd 08.06.2015 |
| 45 | A V(1)12353/14/GW L D Typist - വിവിധം - യോഗ്യത SSLC ആയി നിലനിർത്തി പുനർവിജ്ഞാപനം ചെയ്യുന്നത് - സംബന്ധിച്ച്. | യോഗ്യത സംബന്ധിച്ച സർക്കാർ നിർദ്ദേശം അംഗീകരിച്ചു. എന്നാൽ പുനർവിജ്ഞാപനം എന്ന സർക്കാർ നിർദ്ദേശം അംഗീകരിക്കേണ്ടതില്ല. വിവരം വിശദമായ കത്തിലൂടെ അറിയിക്കണം. തീരുമാനം No.17 dtd 15.06.2016 |
| 46 | A V(3)29129/07/GW ഔദ്യോഗിക ഭാഷാ വ്യാപനം - പ്രൊബേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്. | കരട് നിയമം അംഗീകരിച്ചു. പരീക്ഷയുടെ സിലബസ് കമ്മീഷൻ തീരുമാനിക്കുന്നതാണ്. തീരുമാനം No.16 dtd 29.06.2015 |
| 47 | A V(1)2511/15/GW GAD – A.S.O ജെ.സത്യനാഥന്റെ ഭാര്യ സമർപ്പിച്ച ആശ്രിത നിയമനത്തിനായുള്ള അപേക്ഷ. | സർക്കാർ നിർദ്ദേശം ഒരു കണക്കിലും അംഗീകരിക്കാനാവില്ല എന്ന സബ് കമ്മിറ്റി നിർദ്ദേശം അംഗീകരിച്ചു. തീരുമാനം No.32 dtd 20.07.2015 |

| | | |
|---|---|---|
| 48 | A V(1) 1264/15/GW<br>Forest&Wildlife Dept. ഡ്രൈവർ ശ്രീ.സന്തോഷ് B യുടെ തസ്തികമാറ്റത്തിനായുള്ള അപേക്ഷ. | സർക്കാർ തീരുമാനത്തോടു വിയോജിക്കുന്നു.<br>PWD Act Rule 47 പരിധിയിൽ വരുന്ന വിഷയങ്ങൾ KS&SSR പ്രകാരം സർക്കാരിന് പരിഗണിക്കാവുന്നതാണ് എന്ന സബ് കമ്മിറ്റി നിർദ്ദേശം അംഗീകരിച്ചു.<br>തീരുമാനം No.34 dtd 20.07.2015 |
| 49 | A V(1) 10701/14/GW<br>VHSE Dept. - വൊക്കേഷണൽ ഇൻസ്ട്രക്ടറായ ശ്രീ.ഷാജി. S ന്റെ ഔദ്യോഗിക തസ്തിക വ്യതിയാനപ്പെടുത്തുന്നത് - സംബന്ധിച്ച്. | ഏത് തസ്തികയിലേയ്ക്കാണ് നിയമനം നല്കുന്ന തെന്ന് സർക്കാർ വ്യക്തമാക്കിയിട്ടില്ല. വികലാംഗർക്കുള്ള പ്രത്യേക ആനുകൂല്യം നേടി നിയമിതനായതിനാൽ ജോലിക്കിടയിൽ അപകടം സംഭവിക്കുന്നതിന്റെ ആനുകൂല്യം (S.47 of PWD Act) നല്കാൻ കഴിയില്ലെന്ന ഉപസമിതി നിർദ്ദേശം അംഗീകരിച്ചു.<br>തീരുമാനം No.33 dtd 20.07.2015 |
| 50 | A V(3) 761/09/GW<br>KS&SSR പാർട്ട് II റൂൾ 15 ലെ ഭേദഗതി സംബന്ധിച്ച് | കരട് നിയമം അംഗീകരിച്ചു.<br>തീരുമാനം No.20 dtd 20.07.2015 |
| 51 | A V(1) 10167/14/GW<br>ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - പോലീസ് സേനയിൽ പുന:പ്രവേശനം നല്കണമെന്ന അപേക്ഷ - സംബന്ധിച്ച്. | സർവ്വീസിൽ പുന:പ്രവേശനം നല്കാനുള്ള സർക്കാർ തീരുമാനത്തോടു വിയോജിക്കുന്നു.<br>തീരുമാനം No.13 dtd 27.07.2015 |
| 52 | A V(1) 4117/15/GW<br>R.R. വാസുദേവൻ - റവന്യൂ വകുപ്പിൽ നിന്നും രാജിയായ ഒഴിവിൽ പുന:പ്രവേശനം നല്കണമെന്ന അപേക്ഷ. | സർക്കാർ നിർദ്ദേശത്തോട് വിയോജിക്കുവാൻ തീരുമാനിച്ചു.<br>തീരുമാനം No.25 dtd 14.09.2015 |
| 53 | A V(1) 8601/14/GW<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ദിവസ വേതനാടിസ്ഥാനത്തിൽ പമ്പ് ഓപ്പറേറ്ററായി ജോലി ചെയ്യുന്ന ശ്രീ.R ഷൈലകുമാറിനെ സ്ഥിരപ്പെടുത്തുന്നത് - സബന്ധിച്ച്. | സർക്കാർ നിർദ്ദേശത്തോട് വിയോജിക്കുവാൻ തീരുമാനിച്ചു.<br>തീരുമാനം No.28 dtd 14.09.2015 |

| | | |
|---|---|---|
| 54 | A V(3)4779/15/GW KS&SSR പാർട്ട് I 1958 റൂൾ 2(6) ഭേദഗതി സംബന്ധിച്ച് | സർക്കാർ നിർദ്ദേശത്തോട് യോജിക്കുവാൻ തീരുമാനിച്ചു. (തീരുമാനം No.27 dtd 14.09.2015) |
| 55 | A V(3) 5125/15/GW പബ്ലിക് സർവ്വീസസ് ഭേദഗതി - (നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി ഉയർത്തുന്നതു സംബന്ധിച്ച്) റൂൾ 2015 സംബന്ധിച്ച് | സർക്കാർ നിർദ്ദേശത്തോട് യോജിക്കുവാൻ തീരുമാനിച്ചു.<br>തീരുമാനം No.33 dtd 14.09.2015 |
| 56 | A V(3)4780/15/GW KCS (CC&A) ചട്ടം 15 ൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്. | സർക്കാർ നിർദ്ദേശത്തോട് യോജിക്കുവാൻ തീരുമാനിച്ചു.<br>തീരുമാനം No.36 dtd 14.09.2015 |
| 57 | A V(3)5754/15/GW കേരള (പട്ടിക ജാതി പട്ടിക വർഗ്ഗ) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ക്രമപ്പെടുത്തൽ സംബന്ധിച്ച് റൂൾ 2002 | മാറ്റി വച്ചു.<br>തീരുമാനം No.37 dtd 14.09.2015 |
| 58 | A V(2) 4182/02/GW റാങ്ക് ലിസ്റ്റുകൾ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് | റാങ്ക് ലിസ്റ്റുകൾ 31.03.2016 വരെ ദീർഘിപ്പിച്ചു.<br>തീരുമാനം No.24 dtd 14.09.2015 |
| 59 | A V(2)8098/14/GW സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ച ശ്രീ. പി.ജെ. വിനോദിന്റെ സർവ്വീസ് ആനുകൂല്യങ്ങൾ സംബന്ധിച്ച്. | ടെസ്റ്റ് യോഗ്യത കൈവരിച്ച തീയതി (21.01.12) അടിസ്ഥാനമാക്കി പ്രൊബേഷൻ പൂർത്തീകരിക്കുകയും (deemed declaration) Regulation cadre ൽ Promotion ലഭിച്ച ഉയർന്ന cadre ലെ ഏറ്റവും ജൂനിയർ ആയി (as on 21.01.12) ശ്രീ. വിനോദിനെ absorb ചെയ്യുകയും അതനുസരിച്ച് സീനിയോരിറ്റിയും അനുബന്ധ പ്രമോഷനുകളും നല്കുന്നതിനും PSC യെ അനുവദിച്ച് ഗവണ്മെന്റ് ഉത്തരവുണ്ടാകുക.<br>Decision No.34 dtd 14.09.2015 |

| | | |
|---|---|---|
| 60 | A V(3)5754/15/GW<br>കേരള (പട്ടിക ജാതി പട്ടിക വർഗ്ഗ) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ക്രമപ്പെടുത്തൽ സംബന്ധിച്ച് റൂൾ 2002 | പൊതു വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കുലർ പുറത്തിറക്കുവാൻ തീരുമാനിച്ചു.<br>തീരുമാനം നമ്പർ : 13 തീയതി 28.09.2015. |
| 61 | A V(1) 4154/14/GW<br>G.O(P)40/13/SJD dtd 18.05.2013 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം ലഭിച്ച അംഗ പരിമിതരുടെ സർവ്വീസ് ആനുകൂല്യങ്ങൾ - സംബന്ധിച്ച്. | സർക്കാർ നിർദ്ദേശം അംഗീകരിച്ചു.<br>തീരുമാനം നമ്പർ : 29, തീയതി: 12.10.2015 |
| 62 | A V(1)11865/13/GW<br>പോലീസ് കോൺസ്റ്റബിൾ ഡ്രൈവറായ ശ്രീ. മുഹമ്മദ് ഹാരീസ്. K.B യ്ക്ക് പോലീസ് വകുപ്പിൽ എൽ.ഡി.ക്ലാർക്കായി തസ്തികമാറ്റ നിയമനം നല്കുന്നത് - സംബന്ധിച്ച്. | മുൻതീരുമാനത്തിൽ ഉറച്ചു നിൽക്കാൻ കമ്മീഷൻ തീരുമാനിച്ചു.<br><br>തീരുമാനം നമ്പർ : 28, തീയതി: 12.10.2015 |
| 63 | A V(2)13107/13/GW<br>PSC ഓഫീസിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്. | മുൻതീരുമാനത്തിൽ ഉറച്ചു നിൽക്കാൻ കമ്മീഷൻ തീരുമാനിച്ചു.<br><br>തീരുമാനം നമ്പർ : 23, തീയതി: 12.10.2015 |
| 64 | A V(1)868/14/GW<br>എൽ. ഡി. ടൈപ്പിസ്റ്റ് - കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് യോഗ്യത - സംബന്ധിച്ച്. | സബ് കമ്മിറ്റി ശിപാർശ അംഗീകരിച്ചു.<br><br>തീരുമാനം നമ്പർ : 18, തീയതി: 23.11.2015 |

| | | |
|---|---|---|
| 65 | A V(1) 11684/14/GW<br>ശ്രീ. പ്രകാശൻ എം. കെ. – L D Typist – EEA - സർവ്വീസ് ആനുകൂല്യങ്ങൾ - സംബന്ധിച്ച്. | സബ് കമ്മിറ്റി ശിപാർശ അംഗീകരിച്ചു.<br>തീരുമാനം നമ്പർ : 24, തീയതി: 23.11.2015 |
| 66 | A V(2) 10248/14/GW<br>ജയിൽ വകുപ്പ് - ശ്രീ. കെ. പവിത്രനെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്. | സർക്കാർ തീരുമാനത്തോട് വിയോജിക്കുന്നു എന്ന കമ്മീഷന്റെ മുൻതീരുമാനത്തിൽ ഉറച്ചു നിൽക്കാൻ തീരുമാനിച്ചു.<br>തീരുമാനം നമ്പർ : 20, തീയതി: 23.11.2015 |
| 67 | A V(3) 27924/12/GW<br>KCS(CC&A) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്. | സർക്കാർ നിർദ്ദേശത്തോട് യോജിക്കുവാൻ തീരുമാനിച്ചു.<br>തീരുമാനം No.21 തീയതി 23.11.2015 |
| 68 | A V(2) 11197/15/GW<br>പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(ii) ന്റെ ആനുകൂല്യം ഉയർന്ന പ്രായപരിധി (Overaged) കഴിഞ്ഞ SC/ST വിഭാഗ ങ്ങൾക്ക് നല്കുന്നത് സംബന്ധിച്ച്. | ഹൈക്കോടതിയിലെ ലീഗൽ റിടെയ്നറുടെ ഉപദേശം തേടാൻ തീരുമാനിച്ചു.<br>തീരുമാനം നമ്പർ 9, തീയതി 21.12.2015 |
| 69 | A V(1) 9205/15/GW<br>വാഹനാപകടത്തിൽ പരുക്കേറ്റ അംഗപരിമിത നായ ഫുൾ ടൈം മീനിയൽ ശ്രീ. റെജി.പി. തോമസിന് പ്യൂൺ തസ്തികയിലേക്ക് മാറ്റി നിയമനം നല്കുന്നത് സംബന്ധിച്ച്. | ഉയർന്ന തസ്തികയായ പ്യൂൺ ആയി സ്ഥാന-ക്കയറ്റം നല്കാൻ ചട്ടം അനുവദിക്കുന്നില്ല എന്ന ഉപസമിതി നിർദ്ദേശം അംഗീകരിച്ചു.<br>തീരുമാനം നമ്പർ.9 തീയതി 14.12.2015 |

| | | |
|---|---|---|
| 70 | A V(2)8453/15/GW അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (SR for SC/ST) നടത്ത പരീക്ഷയിൽ ഹാജരാകാതെ യിരുന്നത് സംബന്ധിച്ച്. | KPSC നടപടി ചട്ടം റൂൾ 22 പ്രകാരം വകുപ്പ മേധാവി വഴി വിശദീകരണം തേടണം (SSI വഴി തുടർനടപടി സ്വീകരിക്കുക).<br>തീരുമാനം 8 തീയതി 21.12.2015 |
| 71 | A V(2) 17569/04/GW സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് സർവീസ് – സ്പെഷ്യൽ റൂൾ ഭേദഗതി (ലീഗൽ അസിസ്റ്റന്റ്) സംബന്ധിച്ച്. | ഉപസമിതി നിർദ്ദേശം അംഗീകരിച്ചു. (18.10.13-ലെ കത്തിന്മേൽ നടപടി സ്വീകരിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടുന്നതിന് ശിപാർശ ചെയ്തു. കൂടാതെ ഇക്കാര്യത്തിൽ അസാധാരണമായ കാലതാമസം ഉണ്ടായ കാര്യം കൂടി സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.)<br>തീരുമാനം നമ്പർ 53 തീയതി 11.01.2016 |
| 72 | A V(2) 27/16/GW യൂണിവേഴ്സിറ്റികളിലെ അസിസ്റ്റന്റ് തസ്തികയിലേക്ക് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നല്കണമെന്ന ആവശ്യം സംബന്ധിച്ച്. | സർവ്വകലാശാലയിലെ അനധ്യാപക നിയമനം പി.എസ്.സി യെ ഏൽപിച്ചുകൊണ്ടുള്ള നിയമം സംബന്ധിച്ച് സംസ്ഥാന സർക്കാരിൽ നിന്നും യാതൊരു രേഖയും ഇതുവരെ കമ്മീഷനു ലഭിച്ചിട്ടില്ല. ഈ നിയമത്തോടൊപ്പം ഭരണഘടനയുടെ 321-അനുഛേദ പ്രകാരം, നിർമ്മിച്ച നിയമത്തിന് അനുബന്ധമായി, KPSC Consultation Regulation Rule ഉം Recruitment Rule ഉം വിജ്ഞാപനമായി പ്രസിദ്ധീകരിക്കുകയും വേണം. അതോടൊപ്പം സവിശേഷ ചട്ടങ്ങൾ രൂപീകരിക്കുകയോ ഇക്കാര്യം വിശദീകരിച്ചു കൊണ്ട് Executive ഉത്തരവു പുറപ്പെടുവിക്കു കയോ വേണം. ഈ കാര്യങ്ങൾ പൂർത്തീകരി ച്ചാലല്ലാതെ ഇതു സംബന്ധിച്ച് ഉപദേശം നല്കാൻ കമ്മീഷനു കഴിയില്ല.<br>Dec. No. 63 dtd. 11.01.2016<br>നിയമന രീതി, യോഗ്യത, ശമ്പള സ്കെയിൽ എന്നിവ നിശ്ചയിച്ചുകൊണ്ട് ഒരു Executive order എങ്കിലും തരുകയും ഒഴിവുകൾ നിശ്ചിത proforma ൽ കമ്മീഷനെ അറിയിക്കു കയും ചെയ്താൽ 6 മാസത്തിനകം ഉദ്യോ- ഗാർത്ഥികൾക്ക് നിയമനശിപാർശ നല്കാൻ കമ്മീഷന് കഴിയും.<br>Decision No.63 dtd 11.01.2016 |

| | | |
|---|---|---|
| 73 | A V(1)5519/15/GW<br>വില്ലേജ്മാൻ (റവന്യൂ) - മലപ്പുറം ജില്ല - ശ്രീ. റിയാസ് ബാബുവിനേയും ശ്രീമതി. പ്രേമ പി.ജെ.യെയും റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തൽ - റിപ്പോർട്ട് സംബന്ധിച്ച്. | പരാതിക്കാരെ വില്ലേജ്മാൻ തസ്തികയുടെ റാങ്ക പട്ടികയിൽ ഉൾപ്പെടുത്താമെന്ന ഉപസമിതി ശിപാർശ അംഗീകരിച്ചു.<br>തീരുമാനം നമ്പർ 55 തീയതി 11.01.2016 |
| 74 | A V(1)5255/15/GW<br>സ്വകാര്യ പ്രസാധകരുടെ പുസ്തകങ്ങൾ വകുപ്പുതല പരീക്ഷകൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്. | സ്വകാര്യ പ്രസാധകരുടെ പുസ്തകങ്ങൾ വകുപ്പുതല പരീക്ഷകൾക്ക് അനുവദിക്കേണ്ടതില്ല എന്ന സബ് കമ്മിറ്റി നിർദ്ദേശം അംഗീകരിച്ചു. പുസ്തകങ്ങൾ സർക്കാർ തന്നെ പ്രസിദ്ധീകരിക്കാൻ നടപടി ആവശ്യമാണ്. സർക്കാരിന് എഴുതുക എന്ന് ഉത്തരവായി.<br>തീരുമാനം നമ്പർ 50 തീയതി 11.01.2016 |
| 75 | A V(3)34837/89/GW<br>കേരള റവന്യൂ സബോർഡിനേറ്റ് സർവീസ് - സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച്. | ജൂനിയർ സൂപ്രണ്ട്, ഡെപ്യൂട്ടി തഹസിൽദാർ തുടങ്ങിയ തസ്തികകളിൽ ജോലി നോക്കുന്ന വികലാംഗരായ ഉദ്യോഗസ്ഥരെ ഹയർ സർവേ ടെസ്റ്റ് ൽ നിന്ന് ഒഴിവാക്കണം എന്ന സർക്കാർ നിർദ്ദേശം കമ്മീഷൻ അംഗീകരിച്ചു.<br>തീരുമാനം നമ്പർ 26 തീയതി 08.02.2016 |
| 76 | A V(2)27/16/GW<br>യൂണിവേഴ്സിറ്റി നിയമനങ്ങൾ സംബന്ധിച്ച്. | 1. തസ്തികകൾ വിജ്ഞാപനം ചെയ്യാൻ തീരുമാനിച്ചു.<br>2. പരീക്ഷാ തീയതി, സാധ്യതാപട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി എന്നിവകൂടി വിജ്ഞാപനത്തിൽ ചേർക്കണം.<br>3. ആറ് മാസത്തിനുള്ളിൽ ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യണം.<br>തീരുമാനം നമ്പർ 48 തീയതി 14.03.2016 |
| 77 | A V(2)17514/12/GW<br>സെക്രട്ടേറിയറ്റിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന കുമാരി. ലേഖ. ജി യ്ക്ക് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - 2 ആയി നിയമനം നല്കുന്നത് സംബന്ധിച്ച് | സർക്കാർ നിർദ്ദേശത്തോട് വിയോജിച്ചു.<br>തീരുമാനം.33 തീയതി 14.03.2016 |

| | | |
|---|---|---|
| 78 | A V(2)4182/02/GW<br>റാങ്ക് ലിസ്റ്റുകൾ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്. | 31.03.16 ൽ നിലവിലുള്ളതും 29.06.16 വരെയുള്ള കാലയളവിൽ കാലാവധി പൂർത്തിയാക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി നാലര വർഷം പൂർത്തിയാക്കുന്ന തുവരെയോ, പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരി ക്കുന്നതുവരെയോ (ഏതാണോ ആദ്യം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി) 3 മാസത്തേയ്ക്ക് ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു.<br>Decision No.49 dtd 14.03.2016 |
| 79 | A V(1) 9186/14/GW<br>ഇടുക്കി ചീയപ്പാറയിലുണ്ടായ മണ്ണിടിച്ചിലിൽ മരണമടഞ്ഞ താൽക്കാലിക ഡ്രൈവർ രാജൻ. റ്റി യുടെ ഭാര്യ ശ്രീമതി. സിന്ധു. പി. കെ യ്ക്ക് റവന്യൂ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് തസ്തികയിൽ നിയമനം നല്കുന്നത് - സംബന്ധിച്ച്. | സർക്കാർ തീരുമാനത്തോട് വിയോജിച്ചു.<br>തീരുമാനം നമ്പർ 37 തീയതി 14.03.2016 |
| 80 | A V(1) 272/16/GW<br>കുഞ്ഞുപറമ്പിൽ എൻ.സി.സി ക്യാമ്പിൽ വെടിയേറ്റു മരിച്ച എം.അനസ്സിന്റെ സഹോദരി കുമാരി. ഫരീദ. എം ന് റവന്യൂ വകുപ്പിൽ ക്ലാർക്കായി നിയമനം നല്കുന്നത് - സംബന്ധിച്ച്. | സർക്കാർ നിർദ്ദേശത്തോട് വിയോജിച്ചു.<br>തീരുമാനം നമ്പർ 34 തീയതി 14.03.2016 |

## അദ്ധ്യായം- 19

## സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ/കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നിവയുമായി ബന്ധപ്പെട്ട അധികചുമതലകൾ

കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ, സർക്കാർ ഉമെസ്ഥതയി ലുള്ള വിവിധ കമ്പനികൾ/ കോർപറേഷനുകൾ/ ബോർഡുകൾ എന്നിവയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട അധികചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായതിന്റെ അനുബന്ധമായി ടി സ്ഥാപനങ്ങളിലെ വിവിധ തസ്തികകളുമായി/ സേവനങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക ചട്ടനിർമ്മാണത്തിന്റെ ഉത്തരവാദിത്വം കൂടി കമ്മീഷനിൽ നിക്ഷിപ്തമാണ്. കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന

വിവിധ കമ്പനികൾ/കോർപറേഷനുകൾ/ ബോർഡുകൾ എന്നിവയുടെ പട്ടിക അനുബന്ധം 24 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്പനികൾ/ കോർപറേഷനുകൾ/ ബോർഡുകൾ എന്നിവയുമായി ബന്ധപ്പെട്ട് ചട്ട രൂപീകരണത്തിനു നൽകിയ നിർദ്ദേശങ്ങൾ അനുബന്ധം 30 ൽ ചേർത്തിരിക്കുന്നു.

## കമ്പനികൾ/കോർപറേഷനുകൾ/ ബോർഡുകൾ എന്നിവയുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ

കമ്പനികൾ/കോർപറേഷനുകൾ/ ബോർഡുകൾ എന്നിവയുമായി ബന്ധപ്പെട്ട ചട്ട രൂപീകരണ വിഷയങ്ങളിൽ റിപ്പോർട്ട് കാലയളവിന്റെ തുടക്കത്തിൽ തീർപ്പ് കല്പിക്കാനു ള്ള നിർദ്ദേശങ്ങളൊന്നും ഉണ്ടായിരുന്നില്ല. റിപ്പോർട്ട് കാലയളവിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചി ട്ടില്ല. 2 നിയമങ്ങളിൻമേൽ ഉപദേശം നൽകിയിട്ടുണ്ട്.

## നിയമ ഭേദഗതികൾ

റിപ്പോർട്ട് കാലയളവിന്റെ തുടക്കത്തിൽ കമ്പനികൾ/കോർപറേഷനുകൾ/ ബോർഡുകൾ എന്നിവയുമായി ബന്ധപ്പെട്ട് നിയമഭേദഗതി വരുത്തേണ്ടതിൽ തീർപ്പ് കല്പിക്കാനുണ്ടായിരുന്നത് 3 എണ്ണമാണ്. റിപ്പോർട്ട് കാലയളവിൽ മറ്റ് 5 നിർദ്ദേശങ്ങൾ കൂടി ലഭ്യമായിട്ടുണ്ട്. 2 വിഷയങ്ങളിൽ ശിപാർശ നൽകി.

## യോഗ്യതകളുടെ അംഗീകാരം

യോഗ്യതകൾ സംബന്ധമായ വിഷയങ്ങളിൽ തീർപ്പു കല്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ റിപ്പോർട്ട് കാലയളവിൽ ലഭ്യമായിട്ടില്ല. കമ്മീഷൻ ശിപാർശ നല്കിയവയിൽ സർക്കാർ ഉത്തരവുകൾ നിലവിൽ വന്ന വിഷയങ്ങളുമില്ല.

# അദ്ധ്യായം- 20

# തദ്ദേശസ്ഥാപനങ്ങളിലെ സേവനങ്ങളുമായി ബന്ധപ്പെട്ട അധിക ചുമതലകൾ

തദ്ദേശ സ്ഥാപനങ്ങളിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട അധിക ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായതിന്റെ പരിണിതഫലമായി ടി സ്ഥാപനങ്ങളിലെ വിവിധ തസ്തികകളുമായി ബന്ധപ്പെട്ട ചട്ട നിർമ്മാണത്തിനുള്ള ഉത്തരവാദിത്വം കൂടി കമ്മീഷനെ ഏൽപിച്ചിട്ടുണ്ട്.

കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം 25 ൽ ചേർത്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ തദ്ദേശ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ചട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ അനുബന്ധം 31 ൽ ഉറ്റപ്പെടുത്തിയിരിക്കുന്നു.

## തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ

റിപ്പോർട്ട് കാലയളവിൽ തീർപ്പ് കല്പിക്കേണ്ടതായ ഇത്തരത്തിൽ വിഷയങ്ങളില്ല.

## യോഗ്യതകളുടെ അംഗീകാരം

യോഗ്യതകളുടെ അംഗീകാരസംബന്ധമായ നിർദ്ദേശങ്ങൾ റിപ്പോർട്ട് കാലയളവിൽ ലഭിക്കുകയോ ശിപാർശ കൈമാറുകയോ ചെയ്തിട്ടില്ല.

## അനാമത്ത് പരാമർശങ്ങൾ

റിപ്പോർട്ട് കാലയളവിൽ തീർപ്പ് കല്പിക്കേണ്ടതായ അനാമത്ത് പരാമർശങ്ങൾ ഒന്നുമില്ല.

കമ്മീഷന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങൾ

1. വിശാല കൊച്ചി വികസന അതോറിറ്റി
2. മുൻസിപ്പൽ കോമൺ സർവ്വീസ്
3. ട്രിവാൻഡ്രം ഡവലപ്മെന്റ് അതോറിറ്റി

# അദ്ധ്യായം- 21
# സഹകരണ സ്ഥാപനങ്ങളിലെ നിയമനവുമായി ബന്ധപ്പെട്ട അധിക ചുമതലകൾ

സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട 1995 ലെ സൊസൈറ്റീസ് (ഭേദഗതി) ഓർഡിനൻസും (നിയമവകുപ്പിന്റെ 27.10.1995 ലെ 14713/B2/95 നമ്പർ ഉത്തരവും) ഭേദഗതി വരുത്തികൊണ്ട് സർക്കാർ 1995 ലെ 10-ാം നമ്പർ ഓർഡിനൻസ് (നിയമവകുപ്പിന്റെ 29.04.1995 ലെ 6434/B2/95 -ാം നമ്പർ ഉത്തരവ്) പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിലും, 9.3.1998 ലെ സഹകരണ വകുപ്പിന്റെ ജി.ഒ (പി) 41/98-ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും 14 ജില്ലാ സഹകരണ ബാങ്കുകളും 15 അപെക്സ് സൊസൈറ്റികളും കമ്മീഷന്റെ അധികാരപരിധിയിലാണ്. പിന്നീട് 18.8.1999 ലെ പൊതു ഭരണ വകുപ്പിന്റെ 35/99 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3 സ്ഥാപനങ്ങൾ (ചാരിറ്റബിൾ സൊസൈറ്റികൾ) കൂടി കമ്മീഷന്റെ അധികാരപരിധിയിൽ കൂട്ടിച്ചേർത്തു. മുൻ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സേവനവേതനവ്യവസ്ഥകൾ കമ്മീഷൻ തയ്യാറാക്കി യിട്ടുണ്ട്.

## അപെക്സ് സൊസൈറ്റികളുമായി ബന്ധപ്പെട്ട ചട്ട പ്രകാരമുള്ള നിയമങ്ങൾ

a) വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ - 3
b) റിപ്പോർട്ട് വർഷത്തിൽ ലഭിച്ചത് - 2
c) നിയമ ഉപദേശം നൽകിയത് - ഇല്ല
d) വർഷത്തിന്റെ ആദ്യം നിയമഭേദഗതി സംബന്ധിച്ച് തീർപ്പാക്കാനുണ്ടായിരുന്നത് - 3
e) റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത് - 10
f) നിയമഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത് - ഇല്ല
g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ - 5

**a) വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ**

1) കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്

2) കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ

**b) നിയമോപദേശത്തിനായി ലഭിച്ച റൂളുകൾ - ഇല്ല**

**d) വർഷത്തിന്റെ ആദ്യം നിയമഭേദഗതി സംബന്ധിച്ച് തീർപ്പാക്കാനുണ്ടായിരുന്നത്**

1) കൺസ്യൂമർഫെഡ്

2) ജില്ലാ സഹകരണ ബാങ്ക് - കോട്ടയം - ലിഫ്റ്റ് ഓപ്പറേറ്റർ / പ്യൂൺ

3) KCS റൂളുകളുടെ ഭേദഗതിക്കനുസരിച്ച് 14 ജില്ലാ സഹകരണ ബാങ്കുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നിയമങ്ങളുടെ പരിഷ്കരണം

**e) റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത്**

1) ജില്ലാ സഹകരണ ബാങ്ക് - കോട്ടയം

2) KSCARD ബാങ്ക് - ജനറൽ മാനേജർ

**g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ**

1) കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപെക്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

2) കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ

**<u>അനാമത്ത് പരാമർശങ്ങൾ</u>**


വർഷത്തിന്റെ ആദ്യം അനാമത്ത് പരാമർശങ്ങൾ ഒന്നും തീർപ്പ് കൽപ്പിക്കാനുണ്ടായിരുന്നില്ല.

## അദ്ധ്യായം- 22
## <u>അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ</u>

ഭരണ ഘടനയുടെ 320 3 (c) ആർട്ടിക്കിൾ പ്രകാരം കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലകളിലൊന്ന് സർക്കാർ ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ അച്ചടക്ക നടപടികളിലും സർക്കാരിനെ ഉപദേശിക്കുകയെന്നുള്ളതാണ്.

അച്ചടക്ക നടപടികളിൽ തീർപ്പ് കല്പിക്കേണ്ട 156 വിഷയങ്ങൾ റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ കമ്മീഷന്റെ പരിഗണനയിലുണ്ടായിരുന്നു. റിപ്പോർട്ട് കാലയളവിൽ ഇത്തരത്തിലുള്ള 166 വിഷയങ്ങൾ കൂടി കമ്മീഷന് ലഭിച്ചു. 221 വിഷയങ്ങളിൽ കമ്മീഷൻ ശിപാർശ സർക്കാരിന് കൈമാറി. റിപ്പോർട്ട് കാലയളവിന്റെ അവസാനം തീർപ്പ് കല്പിക്കാൻ ശേഷിക്കുന്ന കേസുകൾ 101 ആണ്. 264 വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കഴിഞ്ഞ 10 വർഷത്തിൽ കമ്മീഷൻ നടത്തിയ അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട ശിപാർശകളുടെ താരതമ്യ വിശകലനം**




## അദ്ധ്യായം- 23

## കമ്മീഷൻ കക്ഷിയായ വ്യവഹാരങ്ങൾ

| | | |
|---|---|---|
| a) | ബഹു:സുപ്രീം കോടതിയിലും, ഹൈക്കോടതിയിലും അന്തിമ വിധിയാകാനുള്ള കമ്മീഷൻ കക്ഷിയായ കേസുകൾ (wp(c),WA,SLP,CA തുടങ്ങിയവ) | 6489 |
| b) | കമ്മീഷനുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത കേസുകൾ | 1162 |
| c) | എതിർ സത്യവാങ്മൂലം/അന്യായ സംഗതി വിവരം ഫയൽ ചെയ്ത കേസുകൾ | 703 |
| d) | തീർപ്പ് കല്പിച്ച കേസുകൾ | 389 |
| e) | തീർപ്പ് കല്പിക്കാനുള്ള കേസുകൾ | 7186 |

## അദ്ധ്യായം- 24

## വനിതാ ജീവനക്കാരുടെ പരാതി പരിഹാര കമ്മിറ്റി

13.08.1997-ലെ ബഹു:സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയുടെ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി വനിതാ ജീവനക്കാരുടെ പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനവും ഇതിലേക്കായി ഒരു കമ്മിറ്റിയേയും നിയോഗിക്കാൻ കമ്മീഷനോട് സർക്കാർ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 25.04.2001 മുതൽ പ്രാബല്യത്തിൽ കമ്മീഷൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും കോടതി മാർഗ നിർദ്ദേശമനുസരിച്ച് ഈ കമ്മിറ്റി, കമ്മീഷൻ ആഫീസിൽ കാര്യക്ഷമമായി പ്രവർത്തിച്ച് വരികയും ചെയ്യുന്നു.

31.03.2016 തീയതി വരെ കമ്മിറ്റിയിലെ അംഗങ്ങൾ താഴെപറയും പ്രകാരമാണ്.

| | | |
|---|---|---|
| ശ്രീമതി ഡി ഗീതാകുമാരി | (അഡീ.സെക്രട്ടറി GR) | ചെയർ പേഴ്സൺ |
| ശ്രീമതി ആർ ഗീത | (ജോ. സെക്രട്ടറി ) | കമ്മിറ്റി അംഗം |
| ശ്രീ. ജോൺ കുര്യൻ | (അണ്ടർ സെക്രട്ടറി ) | കമ്മിറ്റി അംഗം |
| ഡോ. ഡി മായ | യൂണി.കോളേജ് മുൻ പ്രിൻസിപ്പൽ | കമ്മിറ്റി അംഗം |

റിപ്പോർട്ട് കാലയളവിൽ 4 (നാല് ) തവണ കമ്മിറ്റി കൂടിയിരുന്നു(20.04.15, 04.05.15, 06.06.15 & 25.06.2015). 3(മൂന്ന്) പരാതികൾ സ്ത്രീ ജീവനക്കാരിൽ നിന്നും റിപ്പോർട്ട് കാലയളവിൽ ലഭിച്ചിട്ടുണ്ട്. അവയിൽ 2 (രണ്ട്) എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ഒരെണ്ണം അവശേഷിക്കുന്നുണ്ട്.

## അദ്ധ്യായം- 25
## കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശകളിൽ നിന്നുള്ള വ്യതിയാനം

1. മുൻ Ex.PCQ(State Crime Records Bureau) ആയിരുന്ന ശ്രീ.എ-യെ അനധികൃത ഹാജരാകാത്തതിനാൽ ആയതുമുതൽ സർവ്വീസിൽ നിന്നും പോലീസ് ഇൻസ്പെക്ടർ ജനറൽ പിരിച്ചുവിട്ടിരുന്നു. ടിയാൻ ഈ നടപടിക്കെതിരെ നൽകിയ അപ്പീൽ തള്ളിക്കൊണ്ടാണ് സംസ്ഥാന പോലീസ് മേധാവി നടപടിയെടുത്തത്. ഈ നടപടിക്കെതിരെ സർക്കാരിന് ഒരു പുന:പ്പരിശോധനാ ഹർജി സമർപ്പിച്ചിരുന്നെങ്കിലും അത് സർക്കാർ നിരസിക്കുകയുണ്ടായി. തുടർന്ന് ടിയാൻ ഒരു ദയാഹർജി സർക്കാരിന് സമർപ്പിക്കുകയും സർക്കാർ മാനുഷിക പരിഗണനയിൽ ടിയാന്റെ സർവ്വീസിൽ നിന്നുള്ള നീക്കം ചെയ്യൽ നിർബ്ബന്ധിത റിട്ടയർമെന്റായി പരിഗണിക്കാമെന്നും അതുവഴി ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകാമെന്ന് പരീക്ഷണാർത്ഥമായി തീരുമാനിച്ചുകൊണ്ട് ടി വിഷയം കമ്മീഷന്റെ ഉപദേശത്തിനായി സമർപ്പിക്കുകയും ചെയ്തു. ബഹു:കമ്മീഷൻ ഗവണ്മെന്റിന്റെ ഈ പരീക്ഷണാർത്ഥ തീരുമാനത്തോട് വിയോജിക്കുകയും അതിനനുസരിച്ച് ഉപദേശം നൽകുകയും ചെയ്തു. ഗവണ്മെന്റ് വീണ്ടും അനധികൃതമായ ഹാജരില്ലായ്മ നിർബ്ബന്ധിത റിട്ടയർമെന്റായി പരിഗണിക്കാമെന്ന വിഷയം കമ്മീഷന്റെ

പരിഗണനയ്ക്കായി അയയ്ക്കുകയും, കമ്മീഷൻ അതിന്റെ മുൻ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് ഉപദേശം നൽകുകയും ചെയ്തു.

എന്നാൽ ഗവണ്മെന്റ്, ഗവ:ഉത്തരവ് നമ്പർ GO(MS)No.173/2015/Home തീയതി 18/08/2015 പുറപ്പെടുവിച്ചുകൊണ്ട് ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത നടപടി നിർബന്ധിത റിട്ടയർമെന്റായി പരിഗണിച്ചുകൊണ്ട് ദയാഹർജി തീർപ്പാക്കി അദ്ദേഹത്തിന്റെ സർവ്വീസിൽ നിന്നുള്ള പിരിച്ചുവിടൽ നിർബ്ബന്ധിത റിട്ടയർമെന്റായി പരിഗണിച്ച് ആനുകൂല്യങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ കമ്മീഷന്റെ ഉപദേശത്തെ മറികടന്നുകൊണ്ട് ഉത്തരവാകുകയും ചെയ്തു.

2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ - താത്ക്കാലിക ജീവനക്കാരനെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് -

പത്ത് വർഷത്തിലധികമായി ജോലി ചെയ്യുന്ന താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ഒരു നിർദ്ദേശം സർക്കാർ കമ്മീഷന്റെ ഉപദേശത്തിനായി അയച്ചിരുന്നു. മിക്കവാറും താത്കാലിക ജീവനക്കാരും നിശ്ചിത യോഗ്യതകളില്ലാത്ത സാഹചര്യത്തിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തേണ്ടതില്ല എന്ന് കമ്മീഷൻ ഈ നിർദ്ദേശത്തോടു വിയോജിച്ചു കൊണ്ട് ഉപദേശം നൽകി.

എന്നാൽ ഗവൺമെന്റ് ഉത്തരവ് നം.GO(M/s)29/2015/CAD തീയതി 03.09.2015 മുഖേന 53 താത്കാലിക ജീവനക്കാരെ KSFDC യിൽ നിയമനം ക്രമപ്പെടുത്തിക്കൊടുക്കുകയും അതോടൊപ്പം ഗവ. ഉത്തരവ് GO(M/s)38/2015/CAD തീയതി 12.11.2015 ലൂടെ 27 ദിവസ വേതന ജോലിക്കാരുടെ നിയമനം കൂടി ക്രമപ്പെടുത്തുകയും ചെയ്തു.

3. പൊതുഭരണ വകുപ്പിലെ ലിഫ്റ്റ് ഓപ്പറേറ്ററായിരുന്ന ശ്രീ.എ.ക്കെതിരെ അനധികൃത ഹാജരില്ലായ്മയ്ക്ക് അച്ചടക്ക നടപടി കൈക്കൊണ്ട സർക്കാർ ടിയാന് 'നിർബന്ധിത പെൻഷൻ' നൽകാനുള്ള താൽക്കാലിക തീരുമാനത്തിന്മേൽ കമ്മീഷന്റെ ഉപദേശം സ്വീകരിച്ചു ടിയാന് നിർബന്ധിത പെൻഷൻ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പിൻവലിച്ച് ജന്മനാവികലാംഗനായ തന്നെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലും ടിയാളുടെ സഹതാപാർഹമായ സാഹചര്യം കണക്കിലെടുത്തും ടിയാനെ സർവീസിൽ പുന:പ്രവേശിപ്പിക്കാൻ സർക്കാർ താത്ക്കാലികമായി തീരുമാനിച്ച് വീണ്ടും കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. അനധികൃത ഹാജരില്ലായ്മയ്ക്ക് നിർബന്ധിത വിരമിക്കൽ ശിക്ഷ ലഭിച്ച വ്യക്തിയെ സഹതാപാർഹമായ സാഹചര്യം കണക്കിലെടുത്ത് സർവീസിൽ പുന:പ്രവേശിപ്പിക്കാനുള്ള സർക്കാർ തീരുമാനത്തോട് വിയോജിച്ചുകൊണ്ട് കമ്മീഷൻ

സർക്കാരിന് വീണ്ടും ഉപദേശം നൽകിയിരുന്നു. എന്നാൽ ടിയാൻെറ സഹതാപ പൂർണ്ണമായ കുടുംബ പശ്ചാത്തലം കണക്കിലെടുത്ത് ടിയാൻെറ ശിക്ഷ ഇളവ് ചെയ്ത് സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് സർക്കാർ താത്ക്കാലിക തീരുമാനം കൈക്കൊണ്ട സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ ബഹു.കമ്മീഷൻെറ തീരുമാനം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വീണ്ടും സർക്കാർ അഭ്യർത്ഥിച്ചിരുന്നു. ടിയാളെ സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള സർക്കാർ തീരുമാനത്തോടു വിയോജിച്ചു കൊണ്ടുള്ള കമ്മീഷൻെറ തീരുമാനം പിൻവലിക്കാൻ തക്ക കാരണങ്ങളൊന്നും തന്നെ സർക്കാർ കത്തിൽ പരാമർശിച്ചിട്ടില്ലാതിരുന്നതിനാൽ ടിയാനെ പുന:പ്രവേശിപ്പിക്കാനുള്ള തീരുമാനത്തോട് കമ്മീഷൻ വീണ്ടും വിയോജിച്ചുകൊണ്ട് സർക്കാരിനെ ഉപദേശിച്ചിരുന്നു. എന്നാൽ 19/05/2015ലെ സ.ഉ.(സാധാ)നം.3715/ 2015/ പൊ.ഭ.വ നമ്പർ ഉത്തരവിലൂടെ കമ്മീഷൻെറ വിയോജിപ്പ് മറികടന്ന് ഇതിനെ ഒരു പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ ടിയാനെ സർവീസിൽ പുന: പ്രവേശിപ്പിച്ചിരിക്കുന്നു.

4. പോലീസ് സേനയിൽ നിന്നും പിരിച്ചുവിടപ്പെട്ട ശ്രീ. വിഷ്ണുപ്രകാശിനെ തിരിച്ചെടുക്കുന്നതു സംബന്ധിച്ച് ഉള്ള സർക്കാർ നിർദ്ദേശത്തോട് ബഹു. കമ്മീഷൻ വിയോജിച്ചിരുന്നു. എന്നാൽ ബഹു. കമ്മീഷന്റെ ഉപദേശം മറികടന്നുകൊണ്ട് ശ്രീ. വിഷ്ണുപ്രകാശിന് പോലീസ് വകുപ്പിലേക്ക് തിരികെ നിയമനം നല്കിക്കൊണ്ട് സർക്കാർ G.O (Ms) No.120/15/Home dt 11.06.15 നമ്പർ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു.

5. ഹയർ സെക്കൻഡറി വകുപ്പിലെ അദ്ധ്യാപക തസ്തികകളിലെ 25% ഒഴിവുകളിൽ H S A, LPSA/UPSA, Lab Assistant, Ministerial Staff എന്നിവർക്ക് പ്രത്യേകം ക്വാട്ട അനുവദിക്കണം എന്നതു സംബന്ധിച്ച വിഷയത്തിൽ, സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തണമെന്നുള്ള ബഹു. കമ്മീഷന്റെ ഉപദേശം മറികടന്നുകൊണ്ട് സർക്കാർ G.O(Ms) No.296/15/Gen.Edn. Dt 01.12.15 നമ്പർ Executive Order പുറപ്പെടുവിച്ചു.

6. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആലപ്പുഴ ടി. ഡി. കോളേജിൽ ദിവസ വേതനാടിസ്ഥാനത്തിൽ പമ്പ് ഓപ്പറേറ്ററായിരുന്ന ശ്രീ. റ്റി.ആർ.ഷൈലകുമാറിന് സ്ഥിര നിയമനം നല്കാനുള്ള സർക്കാർ നിർദ്ദേശത്തോട് കമ്മീഷൻ വിയോജിച്ചുകൊണ്ടുള്ള ഉപദേശം സർക്കാരിന് നല്കിയിരുന്നു. എന്നാൽ കമ്മീഷൻ തീരുമാനത്തിന് വിരുദ്ധമായി ശ്രീ. റ്റി.ആർ. ഷൈലകുമാറിന് പ്രസ്തുത തസ്തികയിൽ സ്ഥിരനിയമനം നല്കിക്കൊണ്ട് 08.12.2015 തീയതിയിൽ സ.ഉ.(കൈ) നം. 286/2015/ആ.കു.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

7. കേരള വാട്ടർ അതോറിറ്റിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വാച്ച്മാനായി ജോലി ചെയ്തിരുന്ന ശ്രീ. വി.പി. ഷാജിയെ മാനുഷിക പരിഗണന നല്കി വാച്ച്മാൻ - കം - വാൽവ് ഓപ്പറേറ്ററായി സ്ഥിര നിയമനം നല്കാനുള്ള സർക്കാർ നിർദ്ദേശത്തോട് കമ്മീഷൻ വിയോജിപ്പ് രേഖപ്പെടുത്തി ഉപദേശം നല്കിയിരുന്നു. എന്നാൽ കമ്മീഷൻ ഉപദേശം മറികടന്നുകൊണ്ട് 27.11.2015 ലെ സ.ഉ.(എം.എസ്) നം.107/15/ജ.വി.വ പ്രകാരം ടിയാന് സ്ഥിരനിയമനം നൽകി സർക്കാർ ഉത്തരവായി.

8. കെ.എ.പി. അഞ്ചാം ദളത്തിലേക്ക് പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് നിയമനശിപാർശ നല്കപ്പെട്ട ശ്രീ. ധനേഷിന് പ്രവേശന കാലാവധി ദീർഘിപ്പിച്ചു നല്കിയെങ്കിലും യഥാസമയം ജോലിക്ക് ഹാജരാകാത്തതിനാൽ ഒഴിവ് എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്യുകയും ജോലിയിൽ പുന:പ്രവേശനം നല്കണമെന്ന ടിയാന്റെ

അപേക്ഷയിന്മേൽ സർക്കാർ കമ്മീഷന്റെ ഉപദേശം ആരായുകയും കമ്മീഷൻ വിയോജിപ്പ് സർക്കാരിനെ അറിയിക്കുകയും ചെയ്തു. എന്നാൽ കമ്മീഷൻ ഉപദേശം മറികടന്ന് 03.03.2016 ലെ സ.ഉ.(എം. എസ്) നം.90/2016/ആഭ്യന്തരം പ്രകാരം ശ്രീ. ധനേഷിനെ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ നിയമനം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായി.

**9.** വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള മാറാഞ്ചേരി ഐ.ടി. ഐ യിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തുവരവെ സേവനത്തിൽ നിന്നും രാജി വച്ച ശ്രീ. ശ്രീകാന്ത് . ജി. ആർ നെ സർവ്വീസിൽ തിരിച്ചെടുക്കുന്ന വിഷയത്തിൽ സർക്കാർ കമ്മീഷന്റെ ഉപദേശം ആരായുകയും കമ്മീഷൻ വിയോജിപ്പ് അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ കമ്മീഷൻ ഉപദേശം മറികടന്ന് 07.07.2015 തീയതിയിലെ സ.ഉ.(സാധാ) 894/15/തൊഴിൽ പ്രകാരം ടിയാനെ സർവ്വീസിൽ തിരിച്ചെടുത്തുകൊണ്ട് സർക്കാർ ഉത്തരവായി.

## അദ്ധ്യായം- 26

## <u>കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യ സംഗ്രഹം</u>

തുടക്കത്തിൽ കമ്മീഷന്റെ ജോലിഭാരം തുലോം കുറവായിരുന്നു. വർഷങ്ങൾ കഴിഞ്ഞതോടെ സാക്ഷരതയിലുണ്ടായ കുതിച്ച് ചാട്ടത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ എണ്ണം വർദ്ധിച്ചു. തൽഫലമായി ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലും വൻവർദ്ധനയുണ്ടായി. വിവിധ തസ്തികകളിലേക്കായി സ്വീകരിച്ച അപേക്ഷകൾ കമ്മീഷൻ ആഫീസുകളിൽ കുന്നുകൂടി. വർദ്ധിച്ച ജോലിഭാരത്തിനനുസരിച്ച് കമ്മീഷൻ ജീവന ക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള അഭ്യർത്ഥനകൾ കാലാകാലങ്ങളിൽ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ ഒരു പരിധി വരെ ടി ആവശ്യം അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ട് കാലയളവിന്റെ ഒടുക്കം കമ്മീഷനിലെ ആകെ ജീവനക്കാരുടെ എണ്ണം 1644 ആണ്. വർദ്ധിച്ച് വരുന്ന ജോലി ഭാരത്തിനനുസരിച്ച് കമ്മീഷനിൽ ലഭ്യമായ മാനുഷികശേഷി പരിമിതമായതിനാൽ 2002 മുതൽ തെരഞ്ഞെടുപ്പ് രീതികൾ ലഘൂകരിക്കുന്നതിനും വേഗത്തിലാക്കുന്നതിനും സൂക്ഷ്മതയുള്ളതാക്കുന്നതിനു മായി കമ്മീഷൻ തെരഞ്ഞെടുപ്പ് നടപടികൾ പരിഷ്കരിച്ചു. 2006-2007 മുതൽ 2015-2016 വരെയുള്ള പത്ത് വർഷക്കാലത്തെ കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യപഠന പരിലേഖ്യാരൂപത്തിൽ തുടർന്ന് കാണാവുന്നതാണ്. കൂടാതെ 2006 –2007 മുതൽ 2010–2011 & 2011–2012 മുതൽ 2015–2016 വരെയുള്ള വിവരങ്ങൾ തുടർന്നുള്ള പേജിലും കാണാവുന്നതാണ്.

# COMPARATIVE SUMMARY OF WORK DONE FROM 2006-2007 TO 2015-2016

| വർഷം | വിജ്ഞാപനം ചെയ്ത തസ്തികകൾ | ലഭ്യമായ അപേക്ഷ-കൾ | നടത്തിയ പരീക്ഷകൾ | പരീക്ഷയ്ക്ക് ഇരുത്തിയ ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികകൾ | ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ | ഇന്റർവ്യൂ നടത്തിയ തസ്തികകൾ | ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച റാങ്ക് പട്ടിക കൾ | റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ | നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾ | തീർപ്പ് കല്പിച്ച അപേക്ഷകൾ | തീർപ്പാക്കാനുള്ള അപേക്ഷകൾ | ശിപാർശ നൽകിയ അച്ചടക്ക നടപടികൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** | **11** | **12** | **13** | **14** | **15** |
| 2006-07 | 796 | 4322499 | 172 | 2385673 | 265 | 90693 | 255 | 20209 | 303 | 37318 | 20806 | 2105506 | 5610768 | 165 |
| 2007-08 | 549 | 1616105 | 161 | 3567742 | 342 | 146970 | 259 | 23906 | 361 | 80918 | 29723 | 3349578 | 6894298 | 146 |
| 2008-09 | 469 | 1642772 | 234 | 2369642 | 323 | 223732 | 388 | 26034 | 479 | 145358 | 17858 | 3294659 | 5795756 | 135 |
| 2009-10 | 823 | 2943872 | 233 | 1240273 | 536 | 170696 | 314 | 27230 | 603 | 155338 | 51213 | 2213490 | 4822539 | 177 |
| 2010-11 | 715 | 4245693 | 219 | 3384075 | 399 | 82485 | 545 | 34126 | 726 | 63443 | 42505 | 1319764 | 7983255 | 112 |
| 2011-12 | 790 | 1713064 | 336 | 4223562 | 251 | 198840 | 358 | 20944 | 556 | 104813 | 33919 | 2809625 | 7370059 | 179 |
| 2012/13 | 1578 | 3469844 | 222 | 2645984 | 427 | 258936 | 577 | 19496 | 718 | 126054 | 29804 | 3584872 | 8127275 | 96 |
| 2013-14 | 1208 | 6049288 | 219 | 3147853 | 371 | 150478 | 406 | 38661 | 632 | 89134 | 33001 | 3893364 | 10645826 | 108 |
| 2014-15 | 1149 | 5811567 | 240 | 4222665 | 382 | 49657 | 405 | 20357 | 630 | 115604 | 27213 | 4238174 | 13789876 | 103 |
| 2015-16 | 969 | 4654688 | 216 | 5026351 | 324 | 144557 | 373 | 20126 | 685 | 478034 | 27234 | 7934500 | 9498574 | 221 |

## COMPARISON OF WORK DONE IN THE LAST TEN YEARS

## (2006-07 to 2010-2011 and 2011-2012 to 2015-16 )

| വർഷം | വിജ്ഞാപനം ചെയ്ത തസ്തികകൾ | ലഭ്യമായ അപേക്ഷ-കൾ | നടത്തിയ പരീക്ഷ-കൾ | പരീക്ഷയ്ക്ക് ഇരുത്തിയ ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികകൾ | ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടത്തിയ ഉദ്യോഗാർത്ഥികൾ | ഇന്റർവ്യൂ നടത്തിയ തസ്തികകൾ | ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീ-കരിച്ച റാങ്ക് പട്ടികകൾ | റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ | നിയമന ശിപാർശ ലഭിച്ച ഉദ്യോ ഗാർത്ഥികൾ | തീർപ്പ് കല്പിച്ച അപേക്ഷകൾ | തീർപ്പ് കല്പിക്കാനുള്ള അപേക്ഷകൾ | ശിപാർശ നൽകിയ അച്ചടക്ക നടപടികൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** | **11** | **12** | **13** | **14** | **15** |
| 2006-07 to 2010-11 | 3352 | 14770941 | 1019 | 12947405 | 1865 | 714576 | 1761 | 131505 | 2472 | 482375 | 162105 | 12282997 | 31106616 | 735 |
| 2011-12 to 2015-16 | 5694 | 21698451 | 1233 | 19266415 | 1755 | 802468 | 2119 | 119584 | 3221 | 913639 | 151171 | 22460535 | 49431610 | 486 |

## അദ്ധ്യായം– 27
## സന്ദർശനങ്ങൾ

സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാൻമാരായ ശ്രീ. കെ. എസ്. തോമർ (ഹിമാചൽപ്രദേശ്) പ്രൊഫ. ഗണ്ഡചക്രപാണി (തെലുങ്കാന), മുഹമ്മദ് സഹിദുൾ ഇസ്ലാം (പശ്ചിമ ബംഗാൾ), സർ. കുറപതി ദ്വാരകാനാഥ് റാവു (ഗോവ) എന്നിവർ 09.08.2015 മുതൽ 13.08.2015 വരെ അഞ്ച് ദിവസം സന്ദർശനം നടത്തുകയും കമ്മീഷന്റെ വിവിധ തെരഞ്ഞെടുപ്പ് രീതികളെക്കുറിച്ചും കമ്മീഷനിൽ ഉപയോഗിക്കുന്ന തുളസി, ഇ-റിസൽട്ട് പ്രോ തുടങ്ങിയ സോഫ്റ്റ് വെയറുകളെക്കുറിച്ച് പഠനം നടത്തുകയും, ഇതിനായി സംഘടിപ്പിച്ച വിവിധ ശിൽപ്പശാലകളിൽ പങ്കെടുക്കുകയും ചെയ്തു.

## അദ്ധ്യായം– 28.
## നേട്ടങ്ങൾ

കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യ നൽകുന്ന 2015 ലെ വാലിയന്റ് ഇ-ഗവേർണൻസ് അവാർഡിന് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ തുളസി സോഫ്റ്റ് വെയർ അർഹമായി.

## അദ്ധ്യായം–29

## നന്ദി

റിപ്പോർട്ട് കാലയളവിലുടനീളം കമ്മീഷനും സർക്കാരുമായി ഹൃദ്യമായ ബന്ധമാണുണ്ടായിരുന്നത്. ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖങ്ങളിൽ കമ്മീഷനെ സഹായിക്കാനെത്തിയ വിദഗ്ദ്ധരിൽ നിന്നും നിർലോഭമായ സഹകരണം ലഭ്യമായിട്ടുണ്ട്. വിവിധ പരീക്ഷകളും പ്രായോഗിക പരീക്ഷകളും നടത്തുന്നതിന് പരീക്ഷകരിൽ നിന്നും, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഹൃദ്യമായ സഹകരണം കമ്മീഷന് ലഭ്യമായിട്ടുണ്ട്. ഇവരുടെ പരിമിതികളില്ലാത്ത സഹായങ്ങൾക്കും സഹകരണങ്ങൾക്കും കമ്മീഷൻ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

കമ്മീഷൻ നിയമോപദേശകൻ **ശ്രീ.പി.സി.ശശിധരൻ, ശ്രീ.സി.എ.മജീദ് എന്നിവർക്കുള്ള** നന്ദി പ്രകാശിപ്പിക്കുന്നു.

കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് വിലയേറിയ ഉപദേശങ്ങൾ നൽകിയ ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങൾക്കും കമ്മീഷൻ നന്ദി പ്രകാശിപ്പിക്കുന്നു.

വിജിലൻസ് ആൻഡ് സെക്യൂരിറ്റി ആഫീസറും സഹപ്രവർത്തകരായ ഉദ്യോഗസ്ഥരും നൽകിയ സേവനങ്ങളുടെ പേരിൽ കമ്മീഷൻ നന്ദി പ്രകാശിപ്പിക്കുന്നു.

ഗവൺമെന്റ് പ്രസ് ജീവനക്കാർക്കും വിശിഷ്യാ ഗവൺമെന്റ് പ്രസ് ഡയറക്ടർക്കും കമ്മീഷൻ നന്ദി പ്രകാശിപ്പിക്കുന്നു. പൊതുജന സമ്പർക്ക വിഭാഗം ഡയറക്ടർക്കും, കമ്മീഷൻ സമയാ സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പത്ര ക്കുറിപ്പുകൾ, അറിയിപ്പുകൾ

എന്നിവ വർദ്ധിത പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുന്ന ദിനപത്രങ്ങൾ, ആൾ ഇന്ത്യാ റേഡിയോ, ടെലിവിഷൻ ചാനലുകൾ എന്നിവയ്ക്കും കമ്മീഷൻ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി, ജീവനക്കാർ എന്നിവർക്ക് അവർ ചെയ്ത് വരുന്ന കഠിനാദ്ധ്വാനത്തിനും മികവുറ്റ പ്രവർത്തനത്തിനും കമ്മീഷൻ നന്ദി രേഖപ്പെടുത്തുന്നു.

| | ഡോ. കെ. എസ്. രാധാകൃഷ്ണൻ | ചെയർമാൻ | |
|---|---|---|---|
| 1 | പ്രൊഫ: (ഡോ.) എൻ.സെൽവരാജ് | മെമ്പർ | |
| 2 | ഡോ. പി. മോഹൻദാസ് | മെമ്പർ | |
| 3 | ശ്രീ. കെ. പ്രേമരാജൻ | മെമ്പർ | |
| 4 | ശ്രീ. അശോകൻ ആർ. ചരുവിൽ | മെമ്പർ | |
| 5 | അഡ്വ. എം. കെ. സക്കീർ | മെമ്പർ | |
| 6 | ഡോ. കെ. ഉഷ | മെമ്പർ | |
| 7 | അഡ്വ. വി. റ്റി. തോമസ് | മെമ്പർ | |
| 8 | ഡോ. എം. കെ. ജീവൻ | മെമ്പർ | |
| 9 | ശ്രീ. പി. ശിവദാസൻ | മെമ്പർ | |
| 10 | ശ്രീ. റ്റി. റ്റി. ഇസ് മയിൽ | മെമ്പർ | |
| 11 | ശ്രീമതി. സിമി റോസ് ബെൽ ജോൺ | മെമ്പർ | |
| 12 | അഡ്വ. ഇ. രവീന്ദ്രനാഥൻ | മെമ്പർ | |
| 13 | അഡ്വ. എസ്. ഷൈൻ | മെമ്പർ | |
| 14 | പ്രൊഫ. ലോപ്പസ് മാത്യു | മെമ്പർ | |
| 15 | ശ്രീമതി. ആർ. പാർവതി ദേവി | മെമ്പർ | |
| 16 | ഡോ. പി. സുരേഷ് കുമാർ | മെമ്പർ | |

തിരുവനന്തപുരം
തീയതി :